# HAPPY VOICE

# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.35 JANUARY 2023 No. 1




**"I do not accept glory from human beings,**
**but I know you.**
**I know that you do not have the love of God in your hearts.**
**(John.5:41-42)**

*"Happy New Year*






# ഹാപ്പിവോയ്സ് 35-ാം വയസ്സിൽ!!!

ഹാപ്പിവോയ്സ് 34 വർഷം പൂർത്തീകരിച്ച് 35-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. അതിനിടയാക്കിയ സ്വർഗ്ഗത്തിലെ ദൈവത്തിനു എല്ലാ മഹത്വവും കരേറുന്നു.

ഹാപ്പിവോയ്സിന്റെ ജനനം മുതൽ സ്വദേശ വിദേശ ബ്രദറൺ സഭകളിലെ ചില മൂപ്പൻമാരും,സംഘടനാ നേതാക്കളും, സുവിശേഷകൻമാരും എബ്രായ സൂതികർമ്മിണികളായ ശിപ്രായുടെയും പൂവായുടെയും വേഷംകെട്ടി ഹാപ്പിവോയ്സിന്റെ ശ്വാസം ഇല്ലാതാക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ഈ എളിയ ശുശ്രൂഷ ദൈവിക കരങ്ങളിൽ സുരക്ഷിതമായതിനാൽ ഒന്നും സംഭവിച്ചില്ല. അതേ സമയം ദുരാത്മാവ് ബാധിച്ച് ഹാപ്പി വോയ്സിനെതിരെ ഒളിഞ്ഞും തെളിഞ്ഞും വിഷലിപ്തമായ ഏഷണി പറഞ്ഞ് പലരെയും തെററിദ്ധരിപ്പിച്ചു നടന്ന നിരവധി സ്വദേശവിദേശ ശിപ്രാമാരും പൂവാമാരും കാലയവനികയ്ക്കപ്പുറം മറയുകയും; ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും എന്ന ചൊല്ല് പോലെ ചിലർ ഇന്നും മിസ്രയീമ്യ സൂതികർമ്മിണികളുടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നുമുണ്ട്.

ദൈവം ഹാപ്പിവോയ്സ് ശുശ്രൂഷയെ നിലനിർത്തി. സ്വർഗ്ഗത്തിലെ ദൈവം അനുവദിക്കുന്നിടത്തോളം തുടരും. ഇനി ഈ ശുശ്രൂഷയ്ക്ക് വിരാമം ഇടേണ്ടി വന്നാലും ഞങ്ങൾക്കു പരാതിയോ പരിഭവമോ ഇല്ല. കാരണം കഴിഞ്ഞ മൂന്നു പതിററാണ്ടിലധികമായി സഭകളിൽ കാണുന്ന അനീതിഅഴിമതി മുഖപക്ഷ വിഷയങ്ങളെയും അനാത്മീയ പ്രവണതകൾക്കും എതിരെ ചെറിയ നിലയിലെങ്കിലും ശബ്ദമുയർത്തുവാൻ കഴിഞ്ഞു.

എന്നിട്ട് എന്തു നേടിയെന്നു ചിലർ ചോദിക്കുമായിരിക്കും. നേടിയതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഇതുവരെയുള്ള ഹാപ്പിവോയ്സിന്റെ നിലനില്പ്പ്. ബ്രദറൺ സഭകളുടെ വംശനാശത്തിനു കാരണമായിക്കൊണ്ടിരിക്കുന്ന കുറെ റിട്ടയാർഡ് കോക്കസുകളുടെ ബാഗ് തൂക്കികളാകുവാൻ ദൈവം അനുവദിച്ചില്ലയെന്നതും തുടക്കം മുതൽ ഹാപ്പിവോയ്സിനുണ്ടായിരുന്ന ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുവാനിടയായില്ലെന്നതും ഞങ്ങളുടെ നേട്ടമാണ്. പിന്നെ സകല ബ്രദറൺകാരും നന്നായോ എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത്രമാത്രം ചിന്തിക്കുവാൻ വിവേകമില്ലാത്തവരല്ല ഹാപ്പിവോയ്സ്.

കേട്ടാലും കേട്ടില്ലെങ്കിലുംപ്രതികരിക്കും. ആരോടും വ്യക്തി വൈരാഗ്യമില്ല. ഒരു വ്യക്തികളുടെയും കുടുംബത്തെയോ തലമുറകളെയോ ഞങ്ങൾ പരസ്യവിഴുപ്പിനായി ഉപയോഗിക്കാറില്ല. എന്നാൽ പൊതു ശുശ്രൂഷാരംഗത്തുള്ളവരുടെ കാപട്യത്തിന്റെ മുഖമാണ് ഞങ്ങൾ അനാവരണം ചെയ്യുന്നത്.ഞങ്ങൾ പൂർണ്ണരാണെന്നു പറഞ്ഞിട്ടില്ല, പറയുകയുമില്ല. മാനുഷികമായ കുറവുകൾ ഞങ്ങളിലും ഉണ്ട്. പറയുന്നതും എഴുതുന്നതും ഞങ്ങൾക്കും കൂടിയാണ്.

ഹാപ്പിവോയ്സിനെ ഏഷണികൊണ്ടും ഭീഷണികൊണ്ടും ഊരുവിലക്കുകൊണ്ടും,സാമ്പത്തിക ഉപരോധം കൊണ്ടും വിലക്കുവാൻ സാധിക്കുകയില്ല. ഇതിലൊന്നും ഭയപ്പെടുന്നവരല്ല ഞങ്ങൾ. തീയിൽ കൂടെ കടന്നുവന്ന ഞങ്ങളെ ബ്രദറൺ സമൂഹത്തിലെ ചില ഉണക്കക്കൊള്ളികളുടെ പിപ്പടിവിദ്യയിൽ ഭയപ്പെടുന്നവരല്ല. കാരണം കർത്താവാണ് ശുശ്രൂഷയ്ക്ക് ആക്കിയത്.ഞങ്ങൾ പറഞ്ഞിരുന്ന കാര്യങ്ങൾ സത്യമാണെന്നു കാലങ്ങൾ കഴിഞ്ഞപ്പോളെങ്കിലും പലർക്കും തിരിച്ചറിയുവാൻ തുടങ്ങിയിട്ടുണ്ട്. സത്യം തിരിച്ചറിയുവാൻ സമയമെടുക്കുമെങ്കിലും സത്യം സത്യമായിത്തന്നെ പ്രകടമാകും. അതാണ് ഇന്ന് സോഷ്യൽ മീഡിയയിൽ കുടെ പലരെയും കുറിച്ച് നാം വായിച്ചുകൊണ്ടിരിക്കുന്നത്. ഹാപ്പിവോയ്സ് പല കാര്യങ്ങളും പറഞ്ഞപ്പോൾ അസത്യമാണെന്നു പറഞ്ഞു ഞങ്ങളെ വിമർശിച്ചവരുടെയും വീരസാഹസിക കൃത്യങ്ങളാണ് ഇന്നു ഉച്ചത്തിൽ ഘോഷിക്കപ്പെടുന്നത്. ഉടുപ്പ് മലിനമായവരുടെ മാനസിക വിഭ്രാന്തിയിൽ നിന്നും ഉടലെടുക്കുന്ന ആക്രോശങ്ങളായി മാത്രമെ ഞങ്ങളുടെ നേരെയുള്ള അട്ടഹാസങ്ങളെ കാണുന്നുള്ളു.

ഞങ്ങളെ നിഷ്കാസനം ചെയ്യുവാൻ ശ്രമിക്കയും പരസ്യമായും രഹസ്യമായും ഞങ്ങൾക്കു ഊരുവിലക്കു കല്പിക്കയും ചെയ്ത കുറെ കപട സഭാ സ്നേഹികളും, ചിലരുടെ ഫാൻസ് അസോസിയേഷനും,കുടുംബക്കാരും ഉണ്ട്. ഇതിൽ പ്രസംഗകരുണ്ട്, സംഘടന നേതാക്കൻമാരുണ്ട്, ഫണ്ടു സെക്രട്ടറിമാരുണ്ട്,സ്വദേശ വിദേശ മൂപ്പൻമാരുണ്ട്. സുവിശേഷകനെന്ന ലേബലും ധരിച്ച് നടക്കുന്നവരുമുണ്ട്. ഇവരുടെയൊക്കെ തനി സ്വഭാവം സമൂഹം ഇന്നു തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു.

കർത്താവ് വിളിച്ച് ശുശ്രൂഷയ്ക്കാക്കിയതിനാൽ ഞങ്ങൾ ഇന്നും നിലനില്ക്കുന്നു. അതിനാൽ സത്യം പറഞ്ഞു വിമർശനം ഏല്ക്കുന്ന ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഒരുത്തരുടെയും സ്വഭാവ സർട്ടിഫിക്കററ് ഞങ്ങൾക്ക് ആവശ്യമില്ല. ആഗ്രഹിക്കുന്നുമില്ല. അതു തരുവാൻ കഴിവുള്ളവർ ഇന്നു ബ്രദറൺ സമൂഹത്തിലുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നുമില്ല. ഞങ്ങളെ വിമർശിക്കുന്നവരുടെ ആത്മീയ നിലവാരം അവരെ അറിയുന്നവർ വിലയിരുത്തട്ടെ.

അതേ സമയം ഞങ്ങളെ സ്നേഹിക്കുന്ന ബഹുമാന്യരായ നിരവധി വിശ്വാസികളും, സുവിശേഷകൻമാരും, മൂപ്പൻമാരുമുണ്ട്. അതിൽ ഒരാൾ ഇതു വായിക്കുന്ന നിങ്ങളായിരിക്കാം.അവരോടുള്ള നിസ്സീമമായ നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു.

ഹാപ്പിവോയ്സിനു വേണ്ടി ലേഖനങ്ങൾ എഴുതിയും, കാലികമായ വിവിധവിഷയങ്ങൾ സമയാസമയങ്ങളിൽ ഞങ്ങളെ അറിയിച്ചും വിവിധ പംക്തികളിൽ പങ്കെടുത്തും സഹായിച്ച ഏവരോടും നന്ദി.

കഴിഞ്ഞ നാളുകളിൽ ഞങ്ങളെ പ്രാർഥനയിൽ ഓർത്ത, പ്രോത്സാഹിപ്പിച്ച ഏവരോടും ഒരിക്കൽ കൂടി നന്ദി. ഇവിടെയുള്ള ചെറിയ സഭയെയും ഗ്രാമങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെയും, കുടുംബത്തെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക. ദൈവം ഏവരെയും സഹായിക്കട്ടെ.

2023- ഏവർക്കും അനുഗ്രഹ വർഷമാകട്ടെ. നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ ദൈവകൃപ ലഭിക്കട്ടെ. ഞങ്ങളുടെ പുതുവത്സരാംശസകൾ.**(SP)**

**വ്യ**ത്തികെട്ട യാഥാർത്ഥ്യം എന്താണെന്നു ചോദിച്ചാൽ,പ്രസംഗ വേദിയിലെ അഗ്നി ഒന്നുകിൽ കെട്ടുപോയിരിക്കുന്നു, അല്ലെങ്കിൽ മന്ദമായി മാത്രമെ ചലിക്കുന്നുള്ളു. പ്രാർത്ഥനാ യോഗം മരിച്ചിരിക്കുന്നു. അല്ലെങ്കിൽ മരിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിൽ ആരംഭിച്ചത് നമുക്കു ജഡത്തിൽ അവസാനിപ്പിക്കാം എന്നാണ് പ്രാർത്ഥനയോടുള്ള ഈ മനോഭാവത്താൽ നാം ദൈവത്തോട് പറയുന്നത്. എത്ര സമയം പ്രാർത്ഥനയിൽചിലവഴിക്കുന്നു എന്നാണ് ശുശ്രൂഷകൻമാരാകാറുള്ള അപേക്ഷകരോട് സഭ ചോദിക്കേണ്ടത്. രണ്ടു മണിക്കൂറെങ്കിലും പ്രാർത്ഥനയിൽ ചിലവിടാത്ത ശുശ്രൂഷകൻമാർ കാശിനു വിലയുള്ളവരല്ല.

ഇന്നു നമ്മെ പ്രൊട്ടസ്റ്റന്റുകാർ എന്നു പറയുന്നില്ല. പകരം അകത്തോലിക്കർ എന്ന രസമററ നാമമത്രെ നൽകുന്നത്. അർത്ഥവത്തായ നാമം അല്ലെ. വേശ്യമാരുടെ മാതാവ് അവൾ ഇളകിവശായാൽ നരകത്തിനു കോപമൊന്നുമില്ല. വിശുദ്ധൻമാർക്ക് ഒരിക്കലായി ഭരമേല്പ്പിക്കപ്പെട്ട വിശ്വാസത്തിനായി പോരാടുവാൻ ഇന്നാരുണ്ട്. ആത്മനിറവോടു കൂടിയ പ്രസംഗവേദിയിലെ നമ്മുടെ കുരിശുയുദ്ധ പോരാളികൾ എവിടെ. മനുഷ്യ മത്സ്യബന്ധനത്തിൽ ഏർപ്പെടേണ്ട പ്രസംഗകർ ഇന്നു മനുഷ്യരിൽ നിന്നുള്ള അനുമോദനങ്ങളാകുന്ന മത്സ്യബന്ധന ത്തിലാണ് എപ്പോഴും ഏർപ്പെടുന്നത്. പ്രസംഗകർ ഒരുകാലത്ത് വിത്തു വിതച്ചിരുന്നു എന്നാൽ ഇന്നു



# പ്രസംഗവേദിയിലെ കുരിശു യുദ്ധ പോരാളികൾ എവിടെ ?



**LEONARD RAVENHILL**


സഭ ഇന്നു ജ്വരബാധിതയായി നിഷ്ഫലബോധത്തോടുകൂടി ഇടപ്പാതയിൽ നിന്നു വീക്ഷിക്കുകയാണ്. സുന്ദരവും ധാർമ്മികവുമായ സകലത്തിന്റെയും നേരെ ഭീഷണി നിശ്വസിച്ചുകൊണ്ട് രാജ വീഥിയുടെ മദ്ധ്യത്തിൽ കൂടി മോസ്ക്കോയുടെ പാപാധിപത്യത്തോടുകൂടിയ ദുർബുദ്ധികൾ ഞെളിഞ്ഞു നടക്കുന്നു. പുറകിലയി ധൂമ്രവർണ്ണാങ്കിതയായി ആഡംബരത്തോടുകൂടി പാപ്പായുടെ റോം അനുധാവനം ചെയ്യുന്നു. അതിലുപരി വീണ്ടും ജനനത്തിനു പകരം പുനരവതാരത്തെയും,പരിശുദ്ധാത്മാവിനു പകരം, പരിചിത പ്രേതത്തെയും,ദിവ്യരോഗശാന്തിക്കു പകരം ക്രിസ്ത്യൻ സയൻസിനെയും, സത്യക്രിസ്തുവി നു പകരം അന്തിക്രിസ്തുവിനെയും സത്യസഭയ്ക്കു പകരം റോമാ സഭയേയും സാത്താൻ ബദലായി അവതരിപ്പിച്ചിരിക്കുന്നു.

> മരിച്ചതും ശക്തിയില്ലാത്തതും, ചലിപ്പിക്കാൻ കഴിവില്ലാത്തതുമായ ഈ പ്രസംഗത്തെ എറിഞ്ഞുകളക.

കമ്മ്യൂണിസം,റോമാമതം എന്നീ ദ്വയ ദുർശക്തികൾക്കെതിരെ സഭയ്ക്ക് എന്താണ് അർപ്പിക്കാനുള്ളത്. പ്രകൃത്യാതീത ശക്തി എവിടെ. പ്രസംഗവേദിയിലും അച്ചടി ശാലയിലും,ഉപദേശ വൈപരീത്യങ്ങളെ അർദ്ധ നിദ്രാവസ്ഥ കീഴടക്കിയതായി തോന്നുന്നു. റോമാ സഭപോലും

അവർ വിജ്ഞാന മുത്തുകളെ കോർക്കുകയാണ്.

മരിച്ചതും ശക്തിയില്ലാത്തതും,ചലിപ്പിക്കാൻ കഴിവില്ലാത്തതുമായ ഈ പ്രസംഗത്തെ എറിഞ്ഞു കളയുക. കാരണം അതു ജൻമം പ്രാപിച്ചതു ഗർഭപാത്രത്തിലല്ല; ചുടലക്കളത്തിലത്രെ പുലർത്തപ്പെട്ടത് അഗ്നിരഹിതവും, പ്രാർത്ഥ




നാരഹിതവുമായ ആത്മാവിലത്രെ. നാം പ്രസംഗിച്ചു നശിച്ചുവെന്നു വരാം എന്നാൽ നമുക്കു പ്രാർത്ഥിച്ചു നശിക്കാവതല്ല. ദൈവം നമ്മെ ശുശ്രൂഷയ്ക്കായിവിളിച്ചിട്ടുണ്ടെങ്കിൽ,പ്രിയ സഹോദരൻമാരെ, നാം ആത്മ നിറവു പ്രാപിക്കണമെന്നു ഞാൻ നിങ്ങളോടു സംവാദിക്കുന്നു. നിന്റെ എല്ലാ കഴിവും സംഭരിച്ച് ആത്മ നിറവു പ്രാപിക്കുക. ആത്മ നിറവില്ലാത്ത വിജ്ഞാനം നമ്മുടെ ശൂന്യമായ പ്രസംഗപീഠങ്ങളുടെ ചിഹ്നമാകാതിരിപ്പാൻ നിന്റെ എല്ലാ കഴിവും സംഭരിച്ച് ആദ്യമെ ആത്മ നിറവു പ്രാപിക്കുക.



# പുതിയ ആകാശവും പുതിയ ഭൂമിയും

**N.S.SAMUEL-MYLAPRA**

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല. വെളി 21:1. ഇതാ ഞാൻ സകലവും പുതു താക്കുന്നു. ഉല്പത്തി 1:1-ൽ വായിക്കുന്നു. ആദിയി ൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പററി ഇത്ര മാത്രം ആധികാരികതയോടെ അസിന്നിഗ്ദ്ദമായി പ്രസ്താവിക്കുന്ന വേറൊരു ഗ്രന്ഥം ലോകത്തിലില്ല. 1969-ൽ ചന്ദ്രനിൽ ഇറങ്ങിയ അപ്പോളോ 3-ന്റെ പൈലററായിരുന്ന ബഹിരാകാശ യാത്രികൻ കേണൽ ഫ്രാങ്ക് ബോർമാൻ ചന്ദ്ര നിൽനിന്നും പറഞ്ഞ ആദ്യ വാക്കുകൾ ഇതായിരുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ലോകം മുഴുവൻ ആ വാക്കുകൾ കേട്ടു. തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രപഞ്ചോത്പത്തിക്കു പകരമായി വിശ്വാസയോ ഗ്യമായ ഒരു തിയറി ഉണ്ടാക്കി തെളിയിക്കുന്നതിന് ഒരു ശാസ്ത്രജ്ഞന്മാർക്കും ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇനി ഒട്ടും സാധിക്കത്തുമില്ല.

കർത്താവ് കൂടുതൽ സ്നേഹിച്ച ശിഷ്യൻ യോഹന്നാൻ കാണുകയാണ് ആകാശവും ഭൂമിയും അതിന്റ സൃഷ്ടാവിന്റെ സന്നിധിയിൽ നി ന്നു ഓടിപ്പോകുന്ന വെളി 20:11, നാം ഇപ്പോൾ അധിവസിക്കുന്ന ഭൂമിയിൽ അതിനു സംരക്ഷണവുമായുള്ള ആകാശവും മാറിപ്പോയി. ന്യായമായും ഒരു ചോദ്യം സഹസ്രാബ്ദ വാഴ്ചയിൽ ജനങ്ങൾ ധാരാളം വർദ്ധിച്ചു പെരുകി . ഇവർക്ക് എന്ത് സംഭവിച്ചു. സഹസ്രാബ്ദാവസാനം സാത്താനെ അലപ സമയത്തേക്ക് സ്വതന്ത്രനാക്കും. അവൻ ഓടി നടന്ന് കൗശലവാക്കുകളാൽ നല്ലൊരു കൂട്ടം ആളുകളെ തന്നോടു കൂടെ ചേർത്ത് വിശുദ്ധ നഗരത്തിനും വിശുദ്ധൻമാരുടെ നിവാസങ്ങൾക്കുമെതിരെ പടയ്ക്ക് ഒരുങ്ങുന്നു. എന്നാൽ ആകാശത്തു നിന്നു തീ ഇറങ്ങി ഇവരെ നശിപ്പിക്കുന്നു. ശേഷിച്ച ദുഷ്ടൻമാരെ ദൂതൻമാർ നുള്ളിപ്പറുക്കി തീപ്പൊയ്കയിലേക്കിടുന്നു. ഇനി നല്ലവർ(നീതിമാൻമാർ) ഇവർ രൂപാന്തരം(തേജസ്ക്കരണം) പ്രാപിക്കുന്നതായി രേഖകൾ ഇല്ല. തത്ക്കാലം വേറെ ഏതെങ്കിലും വാസയോഗ്യമായ ഇടങ്ങളിലേക്ക് മാററിക്കാണും എന്നു മാത്രമെ മനസ്സിലാക്കുവാൻ സാധി ക്കു. പിതാവിന് അനേക വാസസ്ഥലങ്ങളുണ്ടല്ലോ. യോഹന്നാൻ 14:2.

പുതിയ ഭൂമിയിൽ ഇവർ ഉണ്ടായിരിക്കുമെന്ന് ന്യായമായി ചിന്തിക്കാം. വെളി 21:3. ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. ദൈവം മനുഷ്യരോടുകൂടെ വസിക്കും. ഇവിടെ മനുഷ്യർ എന്നു പറയപ്പെടുന്നത് സഹസ്രാബ്ദത്തിൽ നിന്നു നീതിമാൻമാരാകുവാനാണ് സാദ്ധ്യത. ഏതായാലും സഭയല്ല. സഭ അഥവാ മണവാട്ടി യെരുശലേം നഗരമാണ്. നമ്മുടെ ദൈവം സദ്ഗുണപൂർണ്ണനായിരിക്കുന്നതുപോലെ മത്തായി 5:248 , അവന്റെ പ്രവൃത്തികളും തികച്ചും കുററമററതു എന്നു മാത്രമല്ല, പ്രശംസാർഹവുമായവ ആയിരിക്കുമെന്നതിൽ സംശയമില്ല. യാക്കോബ് 1:25. സങ്കീ 18:30.ദൈവം ഭൂമിയും ആകാശവും സൃഷ്ടിച്ചത് കുററമററവയായിട്ടാണ്. താനുണ്ടാക്കിയതിനെയൊക്കെയും ദൈവം നോക്കി അത് എത്രയും നല്ലത് എന്നു ദൈവം കണ്ടു. ഉലപ്131. എന്നാൽ ഭൂമിയിൽ നിന്നുള്ളഒന്നാം മനുഷ്യൻ 1 കൊരി 15:4. പാപം ചെയ്ത് അവൻ നിമിത്തം ഭൂമി ശപിക്കപ്പെട്ടു. ഉല്പ 3:17. മുള്ളും പറക്കാരയും നിറഞ്ഞു. ഉല്പ 3:19.പുഴുവും തുരുമ്പും കെടുക്കുന്ന ഭൂമി.മത്താ 6:19, അസ്ഥിരതയും വ്യതിചലനവുമുള്ളതായി മാറി. ഈ ഭൂമിക്ക് മാററം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള ഭൂമി ഇല്ലാതായിട്ട് വേറൊന്ന് നിലവിൽ വരികയില്ല. പ്രത്യുത അതു സമൂലമായും മറെറാന്നായി മാറുകയാണ്. റോമർ8. സർവസൃഷ്ടിയും ഇന്നു വരെ ഒരു പോലെ ഞെരങ്ങി ഈററുനോവോടുകൂടിയിരിക്കുന്നുവെന്നു വായിക്കുന്നു. പാപത്തിന്റെ ഫലമായ ശാപത്തിൽ നിന്നുള്ള വിടുതൽ ഭൂമിക്കും ആകാശത്തിനും ആവശ്യമാണ്. 2 പത്രോസ് 3:7. ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചും... എന്നു കാണുന്നു. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയുംഅതിലുള്ള പണികളും വെന്തുപോകയും ചെയ്യും. വാക്യം 10,11. ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസം. സങ്കീ 97:5, മീഖാ 1:4. മൂല പദാർത്ഥങ്ങൾ കത്തിയഴിയും. ഗലീല കടലിൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരുന്ന പത്രോസിന് ദൈവാത്മാവ് വെളിപ്പെടുത്തിക്കൊടുത്ത ശാസ്ത്ര സത്യം. മൂലപദാർത്ഥത്തിന് നാം ഇന്നു ആററം എന്നു പറയുന്നു. ആധുനിക ശാസ്ത്രം ശക്തി കേന്ദ്രമായി ആററത്തെ കാണുന്നു. മനുഷ്യർ ഇതിന്റെ ശക്തി മനസ്സിലാക്കിയതു കൊണ്ട് ലോകം ഇന്നു ആററമിക് ശക്തിയുടെ ഭീഷണിയിലും ഭീതിയിലും ആണ്. എന്നാൽ ദൈവം തക്ക സമയത്ത് ബട്ടൻ അമർത്തും. ഭൂമിയും ആകാശവും കത്തിയെരിയും. നമുക്കറിയാം. ഇന്നു നാം ആകാശം എന്നു ധരിച്ചിരിക്കുന്ന ഭാഗം ഭൂമിയിൽ നിന്നുള്ള മലീമസമായ വാതകങ്ങളാൽ വിഷലിപ്തമാണ്. അതിതീഷ്ണവും അപകടകാരികളു മായ സൂര്യകിരണങ്ങളിൽ നിന്നും ഭൂമിയെ സംരക്ഷിക്കുന്നതിനു വേണ്ടി ദൈവം നിർമ്മിച്ച ആകാശം ഇന്നു മലിനമായി കഴിഞ്ഞു. മാററം ആവശ്യമാണ്. ആകാശം ചുട്ടഴിയുമെന്നു 2 പത്രോസ് 3:7,10,11 വാക്യങ്ങളിൽ നിന്നു മനസ്സിലാക്കാം. ⊃5

# പുതിയ ആകാശവും പുതിയ ഭൂമിയും

ദൈവസൃഷ്ടിയുടെ കേന്ദ്രമായിട്ടാണ് ഭൂമിയെ കണക്കാക്കപ്പെടുന്നത്.പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. യോഹന്നാൻ കാണുന്നത്. .വെളി 21:1. രണ്ടാമത്തെ ആകാശവും രണ്ടാമത്തെ ഭൂമിയും അല്ല. തീയാൽ ചുട്ടഴിച്ച ശുദ്ധമാക്കിയ ആകാശ ഭൂമികൾ തന്നെ ആകാനാണ് സാദ്ധ്യത.

ഉത്പ്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ആകാശ ഭൂമികളും,വെളിപ്പാടു പുസ്കത്തിലെ പുതിയ ആകാശ പുതിയ ഭൂമി... ഇവ തമ്മിലുള്ള താരതമ്യം.

1. ഉൽപത്തി. ആകാശം ഭൂമി സൃഷ്ടിച്ചു. 1:1
വെളിപ്പാട്.പുതിയ ആകാശം പുതിയ ഭുമി.21:1.
2. സൂര്യനെ സൃഷ്ടിച്ചു. 1:16
സൂര്യൻ ആവശ്യമില്ല. 21:23
3. രാത്രി സ്ഥാപിതമായി. 1:5
അവിടെ രാത്രി ഇല്ല. 22:5.
4. സമുദ്രം ഉണ്ടാക്കി. 1:10
സമുദ്രം ഇല്ല. 21:1
5.ഭൂമി ശാപഗ്രസ്ഥമാകുന്നു. 3:17,18
ഇനിമേൽ ശാപം ഇല്ല. 22:3
6.മരണം കടക്കുന്നു. 2:17
ഇനിമേൽ മരണം ഇല്ല.21:4
7. ജീവവൃക്ഷത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് മനുഷ്യനെപുറത്താക്കുന്നു. 3:24
ജീവവൃക്ഷത്തിൽ അധികാരം നൽകുന്നു. 22:14.
8. കഷ്ടതയും വേദനയും ഇവിടെ തുടങ്ങുന്നു. 3:1
ഇനിമേൽ വേദനയോ കണ്ണീരോ ഇല്ല. 21:4.
സമുദ്രവും ഇനി ഇല്ല 21:1.

സമുദ്രം ഇല്ല എന്നതിന് ഇനിമേൽ വെള്ളം ഇല്ല എന്നർത്ഥമില്ല. വെള്ളം ലഭ്യമാക്കത്തക്ക വിധത്തിൽ പുതിയ സംവിധാനം അവിടെ ഉണ്ടാകും. എദൻ തോട്ടത്തിൽ നദി ഉണ്ടായിരുന്നതു പോലെ പുതിയ ഭൂമിയിലും യെരുശലേമിൽ നിന്നു പുറപ്പെടുന്ന നദി (ജീവജലനദി)യുടെ ശാഖകൾ ഒരു പക്ഷേ ഭൂമി മുഴുവൻ ചുററി ഒഴുകുമായിരിക്കാം. നാം അധിവസിക്കുന്ന ഭൂമിയുടെ നാലിൽമൂന്നു ഭാഗവും വെള്ളത്താൽ നിറയപ്പെട്ടിരിക്കുന്നു. പുതിയ ഭൂമിയിൽ ഇങ്ങനെയൊരവസ്ഥ ഉണ്ടായിരിക്കയില്ല.

പുതിയഭൂമിയിലെ ഏററവും ശ്രേഷ്ഠമായത് എന്ത്... എന്ന ചോദ്യത്തിന് കർത്താവിന്റെ മണവാട്ടി സഭ അധിവസിക്കുന്ന പുതിയ യെരുശലേം എന്നതിന് തർക്കമില്ല എന്നു കരുതുന്നു. ഇന്ന് ഈ കൃപായുഗത്തിൽ യേശുവിനെ കർത്താവും രക്ഷിതാവും ആയി




സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന അതുല്യ സൗഭാഗ്യമാണ് പുതിയ യെരുശലേമിലെ വാസം. ദൈവം വസിക്കുന്നിടത്തെപ്പററി വളരെ താത്പര്യജനകമായ ചില വസ്തുതകൾ ബൈബിൾ നൽകുന്നു. എദനിൽ ദൈവം മനുഷ്യനോടു കൂടെ നടന്നു. യിസ്രായേൽ മക്കളുടെ ഇടയിലും തിരുനിവാസത്തിലും പിന്നീട് ആലയത്തിലും ദൈവം വസിച്ചു. യിസ്രായേൽ പാപം ചെയ്തപ്പോൾ ദൈവം അവരുടെയിട യിൽ നിന്നും അകന്നുപോയി.

ശേഷം യേശുക്രിസ്തു ലോകത്തിൽ വന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. യോഹ 1:14. ഇന്നു മനുഷ്യ നിർമ്മിത ആലയങ്ങളിൽ ദൈവം വസിക്കുന്നില്ല. അ.പ്ര :48-50. എന്നാൽ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചവരിലും (1 കൊരി 6:19-20), അവന്റെ സഭയിലും (എഫെ 2:21-22) അവൻ വസിക്കുന്നു.

പാപംമൂലം ദൈവത്തിൽ നിന്ന് അകന്ന് പാപത്തിനും, മരണത്തിനും അധീനരായിത്തീർന്ന മനഷ്യവർഗ്ഗം ദൈവത്തോട് നീതീകരിക്കുന്നതിന് യേശുക്രിസ്തു ലോകത്തിൽ വന്നു. നമ്മോടുകൂടെ പാർത്തു. അവനെ കർത്താവും രക്ഷകനുമായി അംഗീകരിക്കുന്ന ഏവർക്കും നിത്യ സൗഭാഗ്യം നൽകുവാൻ അവൻ ആഗ്രഹിക്കുന്നു. ഇന്നാണ് അതിനുള്ള അവസരം. ഇനി അവൻ ന്യായാധിപനായി വരുന്നു. ഈ രക്ഷ സ്വീകരിക്കാത്ത ഏവനെയും തീയും ഗന്ധകവും കത്തുന്ന തിപ്പൊയ്കയിൽ തള്ളും. ആർക്കും അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

പുതിയ ഭൂമിയിൽ ദൈവം മനുഷ്യരോടു കൂടെ വസിക്കും. മനുഷ്യന്റെ ചരിത്രം എദൻ എന്ന തോട്ടത്തിൽ ആരംഭിക്കുന്നു. വേറൊരു തോട്ടത്തിൽ അഥവാ പറുദീസയിൽ അവസാനിക്കുന്നു.

തിരുവചനത്തിൽ
കാണുന്ന സത്യങ്ങളെ
ഉറപ്പിക്കുന്നതിനു
വേണ്ടിയാണ്
ലോകത്തിലെ
കണ്ടുപിടുത്തങ്ങളുടെ
എല്ലാം
ഉദ്ദേശമെന്ന്
തോന്നിപ്പോകും.
-സർ.വില്യം
ഐക്സ്യൻ




## നിങ്ങൾക്കറിയാമോ?

വെറും പ്രസംഗകർ ആരെയും
സഹായിക്കും.ആരെയും
മുറിപ്പെടുത്തുകയില്ല.
എന്നാൽ പ്രവാചകൻമാർ
എല്ലാവരെയും ഇളക്കുകയും,ചിലരെ
ഭ്രാന്തരാക്കുകയും ചെയ്യും.

# എപ്പഫ്രൊദിത്തോസിന്റെ സവിശേഷതകൾ

S.G.GILBER-ARAMADA

ഫിലിപ്പ്യ സഭ പൗലോസിനു കൊടുത്ത ദാനം കൊണ്ടുപോയി കൊടുത്ത വ്യക്തിയാണ് എപ്പഫ്രാദിത്തോസ്. ഈ പേരിന്റെ അർത്ഥം ഭംഗിയുള്ളവൻ,അഴകുള്ളവൻഎന്നാണ്. സൗന്ദര്യ ദേവതയായ എഫ്രൊഡൈറ്റ് ദേവിയുടെ പേരിനെ അനുസ്മരിപ്പിക്കുന്നതാണ് ഈ നാമം. ആ കാലത്ത് പരക്കെ പ്രചാരമുള്ള ഒരു പേരാണിത്. എപ്പഫ്രൊ ദിത്തോസിന്റെ ചുരുക്കെഴുത്താണ് എപ്പഫ്രാസ്.(കൊലോസ്യർ 1:,:12). ഈ രണ്ടു പേരുകളും ഒരു വ്യക്തിയെ കുറിക്കുന്നതാണ് എന്നാണ് കരുതുന്നത്.

പൗലോസ് എപ്പഫ്രാദിത്തോസിന്റെ സവിശേഷതകൾ ഫിലിപ്പ്യ ലേഖനത്തിൽ പറയുന്നുണ്ട്. എന്നാൽ എന്റെ സഹോദരനും, കൂട്ടുവേലക്കാരനും, സഹഭടനും,നിങ്ങളുടെ ഭൃത്യനും എന്റെ ബുദ്ധിമുട്ടിൽ ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിത്തോസ്. (ഫിലി 2:25) എപ്പഫ്രാസിന്റെ ചില സവിശേഷതകൾ പരിശോധിക്കാം. പൗലോസി ന്റെ വാക്കുകളിലൂടെ.

**1. സഹോദരൻ.**


ഒരു അമ്മയുടെ ഉദരത്തിൽ നിന്നും പുറത്തുവരുന്നവരെയാണ് സഹോദരൻമാർ എന്നു പറയുന്നത്. അതിനേക്കാൾ വലിയൊരു രക്തബന്ധമില്ല. ഈ വ്യക്തിയെ പൗലോസ് എന്റെ സഹോദരൻ എന്നു സംബോധന ചെയ്യുന്നു. എത്ര വലിയ ഒരു സഹോദര ബന്ധം. മാനുഷികമല്ല. തികച്ചും ദൈവിക ബന്ധം. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ എല്ലാം സഹോദരീ സഹോദരൻമാരാണ്.

സഹോദരൻമാർ എന്ന പദം പുതിയ നിയമത്തിൽ ഏകദേശം 200 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. സഹോദരീ സഹോദരൻമാർ എന്ന ആപ്തവാക്യമാണ് ബ്രദറൺ സഭാ വിഭാഗത്തിന്റെ മുഖ മുദ്ര. കർത്താവ് തന്റെ ശിഷ്യൻമാരെ നോക്കിക്കൊണ്ട് പറയുന്നത് നിങ്ങളോ എല്ലാവരും സഹോദരൻമാർ. (മത്താ23:8). സഹോദരൻ എന്ന പദം ഈ പുസ്തകത്തിൽ ഒൻപതു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. (1:12,14,2:25,3:1,13,17,4:1,8,21).

**2. കൂട്ടുവേലക്കാരൻ.**

ഒന്നിച്ച് ഒരേ വേല ചെയ്യുന്നവരെയാണ് കൂട്ടുവേലക്കാരൻ എന്നു പറയുന്നത്. ഒന്നിച്ചു വേല ചെയ്യുന്നവരായാലും ഒരേ റാങ്കിൽ ഉള്ളവർ ആകണമെന്നില്ല. പൗലോസ് അതിശ്രേഷ്ഠ അപ്പോസ്തലൻമാരിൽ ഒട്ടും കുറഞ്ഞവനല്ല. ആ പൗലോസ് ഈ സാധാരണ സഹോദരനെ തന്നോടൊപ്പം ചേർത്തു പറയുവാൻ മടിക്കുന്നില്ല. ഇതു പൗലോസിന്റെ നേതൃയോഗ്യതയെ കാണിക്കുന്നു.

കൂട്ടുവേലക്കാരെ തന്നോടൊപ്പം ചേർത്തു നിർത്താൻ ശ്രമിക്കുന്ന പൗലോസ് മററുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു കാണുന്നു. തന്നോടു ഒന്നിച്ചു നിന്ന ഉർബൊനെസ് റോമ 16:9,




ഫിലേമോൻ 1. അകിില്ല, പ്രസ്കിില്ല(റോ മർ16:5). തീത്തൊസ് (2 കൊരി 8:23) അരിസ്തർഹോസ് ,മർക്കോസ്(കൊലോ 4:11) തുടങ്ങിയവരുടെ കൂട്ടത്തിൽ എപ്പഫ്രാദിത്തോസിനെയും പൗലോസ് ഉൾപ്പെടുത്തി.

**3. സഹഭടൻ.**

ഒരു ദൈവപൈതൽ പടയാളിയാണ്. സാത്താൻ, ലോകം, ജഢം എന്നിവയോടു പൊരുതുന്ന പടയാളിയാണവർ. കുടെ പടക്കളത്തിൽ പോരാടുന്നവരെയാണ് സഹഭടൻ എന്നു പറയുന്നത്. പൗലോസ് എപ്പഫ്രൊസിനൊപ്പം അർക്കിപ്പാസിനെയും സഹഭടൻ എന്നു പറയുന്നുണ്ട്. (ഫിലെ 2).

വിശ്വാസ ജീവിതത്തിൽ നാം ഓരോരുത്തരും സത്യത്തിനു വേണ്ടി ധീരതയോടെ നില്ക്കണം. പോരാടണം. എതിർപ്പുകളുടെ മദ്ധ്യത്തിൽ ധീരതയോടെ നില്ക്കണം. തിൻമയോടും ദുരുപദേശത്തോടും പോരാടണം. ഈ നിലയിൽ യോഗ്യനായ ഒരു വ്യക്തിയായതിനാ ലാണ് പൗലോസ് എപ്പഫ്രാസിനെ സഹഭടൻ എന്നു പറയുന്നത്. ഒരു ദൈവദാസൻ ക്രിസ്തുവിന്റെ സഹഭടനായിരിക്കണം. പൗലോസ് തിമൊഥിയോസിനോടു പറയുന്നത് ഇങ്ങനെയാണ്. ക്രിസ്തുശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക.(2 തിമൊ 2:2).

**4.സഭയുടെ ദൂതൻ.**

ഒരു സ്ഥലം സഭയെ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയെയാണ് ദൂതൻ എന്നു പറയുന്നത്. ആസ്യയിലെ ഏഴു സഭകളെ പ്രതിനിധീകരിക്കുന്നവരെക്കുറിച്ച് സഭയുടെ ദൂതൻമാർ എന്നു പറഞ്ഞിരിക്കുന്നു.(വെളി 1:20). ഒരു ദൂതുവാഹിയെയും ദൂതൻ എന്നു പറയാം.

ഫിലിപ്പ്യ സഭ പൗലോസിനു കൊടുക്കുവാൻ ശേഖരിച്ച ധർമ്മശേഖരം കൊടുത്തുവിടുന്നത് ➲7

# എപ്പഫ്രൊദിത്തോസിന്റെ സവിശേഷതകൾ


എപ്പഫ്രാസിന്റെ കൈയിലാണ്. **പലരിലും വിശ്വസ്തരായവർ പലരും പണത്തിന്റെ കാര്യത്തിൽ അവിശ്വസ്തരായി പിടിക്കപ്പെടുന്നു.** ഈ കാര്യം ചെയ്യുവാൻ ഏററവും യോഗ്യനായ വ്യക്തി എപ്പഫ്രാസ് എന്ന് അവർ തിരിച്ചറിഞ്ഞു. ഫിലിപ്പ്യയിൽ നിന്നും എഴുന്നൂറു മൈൽ അകലെയുള്ള കാരാഗ്രഹത്തിലാണ് പൗലോസ്. അവിടേക്കാണ് അവൻ പോകാൻ തയ്യാറായത്.

ഇന്നത്തെപ്പോലെ വാഹന സൗകര്യങ്ങളോ മൊബൈൽ ഫോൺ സംവിധാനങ്ങളും ഒന്നും ഇല്ലാത്ത കാലം. യാത്രാമദ്ധ്യേ കൊള്ളക്കാരുടെയും കള്ളൻമാരുടെയും ക്രൂര മൃഗങ്ങളുടെയും ആക്രമണങ്ങൾ ഉണ്ടാകാം. ഇതെല്ലാം അവഗണിച്ച് സഭയുടെ ദൗത്യം നിർവഹിക്കാൻ അവൻ സന്തോഷത്തോടെ യാത്രയാകുന്നു.

**5. ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചവൻ. 2:25,30.**

ദീർഘ ദൂര യാത്രയിൽ താൻ രോഗിയായി തീർന്നു. അവൻ മരിക്കാറായ അവസ്ഥയിലായിത്തീർന്നു. ദൈവം അവനെ വിടുവിച്ചു. കർത്താവിന്റെ വേലയിലെ അദ്ധ്വാനത്തിന്റെ കൂടുതൽ കൊണ്ട് താൻ രോഗിയായി തീർന്നുവെന്നാണ് പൗലോസിന്റെ ഭാഷ്യം. അതു ശരിയാണെങ്കിൽ അവൻ കഠിനമായി കർതൃശുശ്രൂഷയിൽ അദ്ധ്വാനിക്കുന്നവനായിരുന്നു. അവൻ തന്റെ അദ്ധ്വാനം ഏതെല്ലാം നിലയിലായിരുന്നുവെന്നു നമുക്കറിയില്ല.

പരസ്യ സ്ഥലത്തു ചെയ്യേണ്ട ശുശ്രൂഷകൾ ചെയ്യുവാൻ പലരും ഒരുക്കമുള്ളവരാണ്. അതേ സമയം മററുള്ളവരാൽ ശ്രദ്ധിക്കപ്പെടാത്ത ശുശ്രൂഷകൾ ധാരാളം ഉണ്ട്. രോഗികളെ സന്ദർശിക്ക. ദരിദ്രരെ സഹായിക്ക,രോഗികളെ ശുശ്രൂഷിക്കുക, ദൈവദാസൻമാരെ ശുശ്രൂഷിക്കുക, തുടങ്ങിയവയൊക്കെ അധികം ആരും ചെയ്യുവാനാഗ്രഹിക്കാറില്ല. എപ്പഫ്രാസിന്റെ ശുശ്രൂഷ മററുള്ളവരിൽ നിന്നും വേറിട്ടതായിരുന്നു. സഭ ഏല്പിച്ച കൂട്ടായ്മ പൗലോസിനെ ഏല്പിക്ക മാത്രമല്ല അവനെ ചുരുങ്ങിയ കാലം ശുശ്രൂഷിക്കയും ചെയ്തു. അതുകൊണ്ടാണ് എന്റെ ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചവൻ എന്നു പറഞ്ഞിരിക്കുന്നത്.




**6. ശുശ്രൂഷകന്റെ യോഗ്യതയുള്ളവൻ. 2:25.**

ഒരു ശുശ്രൂഷകന്റെ ശരിയായ യോഗ്യതയുള്ളവനായിരുന്നു എപ്പഫ്രാസ്. കുറഞ്ഞ പക്ഷം ആത്മ നിറവും, നല്ല സാക്ഷ്യവും, ജ്ഞാനവുമുള്ളവനായിരിക്കണം ഒരു ശുശ്രൂഷകൻ. അ.പ്ര. 6:1-6. എപ്പഫ്രാസിന്റെ ശുശ്രൂഷകൾ ആ സഭയ്ക്ക് വളരെ പ്രയോജനം ചെയ്തിരുന്നു. അതുകൊണ്ടാണ് ആ സ്ഥലം സഭ അവനെ ശുശ്രൂഷിക്കാനായി അംഗീകരിച്ചത്. **ഒരുവൻ സ്ഥലം സഭയിൽ ചെയ്യുന്ന ശുശ്രൂഷകൾ കണ്ട് അനുഭവിച്ച് മനസ്സിലാക്കിയാണ് ആ വ്യക് തിയെ ശുശ്രൂഷകനായി സഭ അംഗീകരിക്കേണ്ടത്.**

**7. ആത്മാക്കളെക്കുറിച്ച് ഭാരമുള്ളവൻ.2:21.**

ഓരോരുത്തരും തങ്ങളുടെ കാര്യം മാത്രം നോക്കുന്നു. കർത്താവിന്റെ കാര്യം നോക്കുന്നവർ വളരെ വിരളമാണ്. ആത്മാക്കളെക്കുറിച്ച് ഭാരമുള്ളവനായിരിക്കണം ഒരു ശുശ്രൂഷകൻ. അതു മാത്രമല്ല തന്റെ സഭയിലെ ആത്മാക്കളെ ക്കുറിച്ചുള്ള ചിന്താഭാരമുള്ളവരായിരിക്കണം. ചിതറിപ്പോകുന്നവരെ കൂട്ടുന്നവനും, ആടുകളുടെ ആവശ്യങ്ങളിൽ കൂടെയിരിക്കുന്നവനും പുതിയ ആത്മാക്കളെ നേടുവാൻ ഉത്സാഹമുള്ളവനുമായിരിക്കണം.

കുറഞ്ഞ പക്ഷം എപ്പഫ്രാസിന്റെ ഏഴുവിധ യോഗ്യതകളെക്കുറിച്ച് പൗലോസിന് എടുത്തു പറയുവാനുണ്ടായിരുന്നു. ഈ യോഗ്യതകൾ ശുശ്രൂഷകൻമാരായ നമ്മിൽ ഓരോരുത്തർക്കും ഉണ്ടോ എന്നു ഒരു പരിശോധന ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## കല്ലിശ്ശേരി ബ്രദറൺ ജനറൽ കൺവെൻഷൻ
## ആത്മാവിന്റെ ഐക്യതയില്ലാത്ത കുറേ ബ്രദറൺകാരുടെ ഉച്ചിഷ്ടം

കല്ലിശ്ശേരി ബ്രദറൺ ജനറൽ കൺവെൻഷൻ ആത്മാവിന്റെ ഐക്യതില്ലാത്ത കുറേ ബ്രദറൺകാരുടെ ഉച്ചിഷ്ടമാണ്. കാരണം ഒരു ദശാബ്ദത്തിലധികമായി കുമ്പനാട് നടന്നു വന്നിരുന്ന കൺവെൻഷനെ അവിടുത്തെ സഭാ രാഷ്ട്രീയത്തിന്റെ ഫലമായി ,കല്ലിശ്ശേരിയിലെ ചിലർ പുതിയ ലേബലണിയിച്ചു നടത്തുന്ന ഒരു പൊങ്ങച്ച അനാത്മീയ നാടകമായതിനാൽ തന്നെ.

ബ്രദറൺ സമൂഹത്തിലെ സകല മുടിചൂടാമന്നൻമാരും പ്രസംഗിച്ച കുമ്പനാട് കൺവെൻഷൻ എന്തുകൊണ്ട നിർത്തി? ബ്രദറുക്കാരുടെ മക്കയെന്നു ചിലർ വിശേഷിപ്പിച്ചിരുന്ന കുമ്പനാട്ടെ ബ്രദറൺ സമൂഹം എന്തുകൊണ്ട് പരിഹാസ്യ വിഷയമായി? ഇപ്പോഴും കറുത്ത പുക ഉയരുന്നത് എന്തുകൊണ്ട്? മേൽപ്പറഞ്ഞ അഭിനവ സ്പർജൻമാർ തന്നെയല്ലേ ഇവിടെയും പ്രസംഗിക്കുന്നത്? കുമ്പനാട് വെളുത്ത പുക ഉയരുവാൻ സാഹചര്യമൊരുക്കുവാൻ കഴിവില്ലാത്ത ഇത്തരക്കാരുടെ പ്രസംഗങ്ങൾ പന്നിയുടെ മൂക്കിലെ മുക്കുത്തിക്കു സമാനമാണ്. സംഘാടകരും പ്രസംഗകരും സമൂഹത്തിനു കൊടുക്കുന്ന സന്ദേശം എന്താണ്?

കല്ലിശ്ശേരി 117-ാമത് ബ്രദറൺ ജനറൽ കൺവെൻഷൻ എന്നു ഘോഷ്ക് പറയാൻ യാതൊരു മടിയുമില്ലാത്ത ഇവരെ നല്ല നടപ്പിനു ദുർഗുണപാഠശാലയിൽ വിടണം. സംഘാടകരുടെ തൊലിക്കട്ടിയെ അഭിനന്ദിക്കണം. ലജ്ജയായതിൽ മാനം തോന്നുന്ന കുറേ കമ്മററിക്കാരും കുറേ പ്രസംഗതൊഴിലാളികളും. പ്രസംഗകർ ആത്മീയരാകുവാൻ പ്രാർത്ഥിക്കണം. അവർക്കുവേണ്ടി പ്രസംഗവും ക്ളാസ്സുകളും നടത്തണം. സംഘാടകർ ആത്മീയരല്ലാത്തതിനാൽ വിഷയമല്ല.

കൺവെൻഷൻ ഗായകസംഘത്തിലെ ചിലരുടെ സ്വഭാവം കുപ്രസിദ്ധമാണ്. പ്രസംഗകരിലെ ചിലരാകട്ടെ തനി ജഡീകരും ചട്ടമ്പിസ്വഭാവമുള്ളവരും. കമ്മററിക്കാരുടെ കാര്യം ബഹുകേമം.

കല്ലിശ്ശേരിയിലെ ജനറൽ കൺവെൻഷന്റെ ഒരു പ്രധാനിയുടെ മകനെ മുൻനിരയലേക്കു കൊണ്ടുവരുവാനുള്ള ഒരു ശ്രമവും നടക്കുന്നതായി പിന്നാമ്പുറ സംസാരം ഉണ്ട്. ഏതായാലും 2023 ഡിസംബറിനായി ഇനി കാത്തിരിക്കാം.

(സൈമൺ പയ്യന്നൂർ)

# പ്രാദേശിക പ്രശ്നം തീർക്കേണ്ടത് അന്തർദേശീയ തലത്തിലോ?

E.S.THOMAS-EDAYARANMULA

വിശുദ്ധ വേദപുസ്തകത്തിന്റെ ഉപദേശപ്രകാരം ഒരു പ്രാദേശിക സ്ഥലം സഭയിൽ ഏതെങ്കിലും ചില വ്യക്തികൾക്ക് മറ്റൊരു സഹോദരനോടോ ഒരു സുവിശേഷകനോടോ ഏതെങ്കിലും നിലയിലുള്ള അഭിപ്രായ വ്യത്യാസങ്ങളോ തെററിദ്ധാരണകളോ സഹകരിച്ചുപോകാൻ സാധിക്കാത്ത മാനസ്സിക അവസ്ഥ ഉണ്ടായാൽ അങ്ങനെയുള്ള ആളുകൾ ആത്മീയരും ദൈവനാമമഹത്വം അന്വേഷിക്കുന്നവരും സമാധാനം കാംക്ഷിക്കുന്നവരും ബന്ധങ്ങൾ സ്ഥായിയായി നിലനിർത്തിക്കൊണ്ടുപോകണമെന്നു ആഗ്രഹിക്കുന്നവരുമെങ്കിൽ നിശ്ചമായും തങ്ങൾക്കുള്ള പ്രശ്നങ്ങളെ ദൈവവചനപ്രകാരം ദൈവസ്നേഹത്തിൽ പരസ്പരം തുറന്നു പറഞ്ഞ് അതിനു യോഗ്യമായ പരിഹാരം വരുത്തുകയാണ് ചെയ്യേണ്ടത്.

അങ്ങനെ ഏതെങ്കിലും കയ്പ്പ് മനസ്സിൽ താലോലിച്ചുകൊണ്ടിരിക്കയും അപ്പോൾതന്നെ അന്യോന്യം അവ പറഞ്ഞു പരിഹരിക്കയും ചെയ്യാതെ മററ് സ്ഥലങ്ങളിൽ ചെന്ന് ഞങ്ങൾ തമ്മിൽ ചില പ്രയാസങ്ങൾ ഒക്കെ ഉണ്ട് അതുകൊണ്ട് ഒന്നിച്ച് ആത്മീയ കാര്യങ്ങളിൽ പോകുന്നത് പ്രയാസകരമാണെന്നു പറഞ്ഞ് കാടടച്ച് വെടി വെച്ച് ഇതര ദൈവദാസൻമാരെ ബുദ്ധിമുട്ടിക്കുന്നത് നേരില്ലാത്ത ഹൃദയത്തിന്റെ അവസ്ഥ യെ വെളിവാക്കുന്നു.

തങ്ങളുടെ ജീവിതത്തിലോ ഭാവത്തിലോ ഉള്ള തെററുകളെ സ്വയം നീതീകരിക്കുവാനും മററുള്ളവരുടെ മുമ്പാകെ തങ്ങൾ കൂടുതൽ ആത്മീയർ എന്നു വരുത്തിത്തീർക്കാനും ചില ആളുകൾ ഉപയോഗിക്കുന്ന തന്ത്രങ്ങളാണ് മേൽപറഞ്ഞത്.

ഏതെങ്കിലും ഒരു വ്യക്തിക്ക് പ്രാദേശിക തലത്തിൽ ഒരു പ്രയാസം മറെറാരുവനോട് ഉണ്ടെങ്കിൽ ദൈവവചനം പറയുന്നത് നേരിട്ട് അവ പറഞ്ഞു പരിഹരിച്ച് വചനപ്രകാരം മുമ്പോട്ടു പോകണമെന്നതാണ്.

ആദ്യമെ ആരോടു പ്രശ്നമുണ്ടോ ആ ആളുകളോട് നേരിട്ട് അവ പറയുക. അവിടെ പരിഹാരം ഉണ്ടായില്ലായെങ്കിൽ രണ്ടു സാക്ഷി കളെ കൂട്ടിക്കൊണ്ട് ആ വിഷയം സംസാരിക്കുക. അതിനും പരിഹാരം ഉണ്ടായില്ലെങ്കിൽ പൊതു സഭയെ അറിയിക്കുക. പൊതു സഭയിലും എതിരാളി പ്രശ്നപരിഹാരം വരുത്തുന്നില്ലെന്നു വന്നാൽ അവൻ നിനക്കു ചുങ്കക്കാരനും പാപിയും എന്ന പോലെ ഇരിക്കട്ടെ എന്നാണ് ദൈവവചനം പറ യുന്നത്.

എന്നാൽ ചില മിടുക്കൻമാർ ഉണ്ട്. തങ്ങളുടെ ഭാഗം ശരിപ്പെടുത്താൻ എതിരാളിയോട് ഇഷ്ടമില്ലാത്ത ആളുകളുടെ സൈഡ് ചേർന്നു നില്ക്കുകയും എതിരാളികൾക്ക് കഷ്ട നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യും. അങ്ങനെയുള്ളവർ എത്രമാത്രം ആത്മീയത പറഞ്ഞാലും ഏതെല്ലാം നിലയിൽ ആത്മീയരാണെന്നു ചമയുവാൻ ശ്രമിച്ചാലും തങ്ങളുടെ പാപങ്ങൾ മേൽക്കുമേൽ വെളിവായി വരും. ഒരുവനെ ഒഴിവാക്കുവാൻ വേണ്ടുന്ന മാർഗ്ഗങ്ങൾ ഒക്കെ ഒരുപക്ഷേ പ്രയോഗിച്ചുവെന്നും വരാം. എന്നാൽ പ്രശ്നം അവിടെയല്ല. ഒരാൾക്ക് ഒരാളോട് പ്രശ്നമുണ്ടെന്ന്

➲9

# പ്രാദേശിക പ്രശ്നം തീർക്കേണ്ടത് അന്തർദേശീയ തലത്തിലോ?

ഒരു അന്യ ദേശത്തിരുന്ന് പറയുകയും സ്വന്തം ദേശത്ത് അങ്ങനെ ഉണ്ടെന്നു പറയാതിരിക്കുക സ്വദേശത്തിൽ അദ്ദേഹത്തിന്റെ കൂടെ സഹകരിക്കുക, അന്യ ദേശത്ത് സഹകരിക്കാൻ പ്രയാസമുണ്ടെന്നു പറയുക അതൊക്കെ ഏറെ വിഷമത്തിനു് കാരണമായി മാറുകയുള്ളൂ.

ആണത്വവും ചങ്കൂററവും ഉണ്ടെങ്കിൽ മുഖത്തുനോക്കി അഭിപ്രായ വ്യത്യാസങ്ങൻ പറയുകയും അതിനു തിരുവചന പ്രകാരം പരിഹാരം വരുത്തുകയാണ് ചെയ്യേണ്ടത്. അങ്ങനെ ചെയ്യാതെ അന്യദേശത്തു ചെന്ന് അവിടെയുള്ള വിശു ദ്ധൻമാരോടു കൂടെ കൂട്ടായ്മ പുലർത്തുന്നത് തിരുവചന പ്രകാരം ശരിയായ നിലപാടല്ല. ദൈവഭയവും ആത്മീയ കാഴ്ചപ്പാടും ഉള്ള ആളുകൾ ഒരിക്കലും അങ്ങനെയുള്ള സമീപനങ്ങൾ സ്വീകരിക്കയില്ല.




ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ ക്രിസ്തീയ ജീവിതത്തിന്റെയും പ്രായോഗികതയുടെയും അടിസ്ഥാനം മാററമില്ലാത്ത ദൈവവചനമാണ്.

ദൈവവചനത്തിന് പുല്ല് വില കല്പ്പിക്കയും അപ്പോൾത്തന്നെ അധികം ആത്മീയർ എന്നു തന്നെത്താൻ സമർത്ഥിക്കുവാൻ ഉപായങ്ങൾ ഉപയോഗിക്കയും ചെയ്താൽ തങ്ങളുടെ നിലപാട് തെറെറന്ന് കൂടുതൽ വെളിപ്പെടുകയല്ലാതെ മറെറാന്നും സംഭവിക്കയില്ല.ആത്മീയർ ആരോടായാലും തെററ് തെററാ ണെന്നും ശരി ശരിയാണെന്നും പറയുകയും ദൈവ വചനവിരുദ്ധമായ നിലപാടുകളെ ഒരിക്കലും സപ്പോർട്ട് ചെയ്യുകയോ അത്തരക്കാർക്ക് കുടപിടി ക്കുകയോ ചെയ്യുകയുമില്ല.

തിരുവെഴുത്തിന്റെ പ്രമാണങ്ങൾ ലംഘിക്കാത്തവിധമായിരിക്കട്ടെ നമ്മുടെ ഓരോരുത്തരുടെ പ്രവൃത്തിയും മനോഭാവവും. അല്പ കാലത്തേക്ക് മനുഷ്യ രെ തെററിദ്ധരിപ്പിക്കുവാനും അകററിക്കളയുവാനും ഒരു പക്ഷേ നമ്മുടെ സ്വാധീനത കൊണ്ടോ വാചാലത കൊണ്ടോ നമ്മിൽ ചിലർക്ക് സാധിച്ചെന്നു വരാം. എന്നാൽ പകരം വെക്കാൻ കഴിയാത്ത ചില ബന്ധങ്ങൾ ഈ ഭൂമിയിൽ നമുക്കുണ്ട്. ഉദാഹരണങ്ങൾ പറഞ്ഞു കഴിഞ്ഞാൽ ഒരപ്പനു പകരം പല അപ്പൻമാരെ കിട്ടിയെന്നു വരാം. എന്നാൽ ജനിപ്പിച്ച അപ്പൻ ഒരാൾ മാത്രം. അമ്മയ്ക്കു പകരം അമ്മയെയും സഹോദരനും, സഹോദരിക്കും പകരം സഹോദരി സഹോദരൻമാരെയും ലഭിക്കും. എന്നാൽ ഒറിജിനൽ ബന്ധത്തിനു പകരമാകയില്ല എന്നു മാത്രം.

സാമാന്യ ബുദ്ധിയും വിവേകവുമുള്ളവർ ആ യാഥാർത്ഥ്യം മനസ്സിലാക്കും. സത്യം വളച്ചൊടിക്കാൻ കൂടുതൽ ശ്രമിക്കുംതോറും കാര്യങ്ങൾ കൂടുതൽ വഷളാകുകയും ഉദ്ദേശിച്ച ലക്ഷ്യത്തിൽനിന്നു വഴുതിപ്പോകയും ചെയ്യും. ആകയാൽ നമ്മുടെ സമീപനം എല്ലായ്പ്പോഴും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാത്ത വിധം ആയിരിക്കട്ടെ. ദൈവം വെറുക്കുന്ന ഏതു തെററ് ആരു ചെയ്താലും അതിനു കൂട്ടു നില്ക്കുന്നവർ അതേ പാപത്തിനു ഓഹരിക്കാരായി മാറുകയാണ് ചെയ്യുന്നത്. ജീവിത വിശുദ്ധിക്കും നിലവാരത്തിനും വില കല്പിക്കുന്നവർ ദൈവവചനം വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറുകയില്ല. ദൈവം നമ്മുടെ പ്രവൃത്തിയെ മാത്രമല്ല നമ്മുടെ മനോഭാവത്തെയും ന്യായം വിധിക്കുമെന്നത് ഒരിക്കലും വിസ്മരിച്ചു കൂടാ.

## ഗാനക്വിസ് 264

ആർക്കും പങ്കെടുക്കാം.താഴെ എഴുതിയിരിക്കുന്ന ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഈ ഗാനത്തിന്റെ തുടക്കം ഏത്? ഉത്തരങ്ങൾ ജനുവരി 25 നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ അയക്കുക.



**ഗാനം:**

പാപനാശകാരണാ നമോ നമോ
പാരിതിൽ നരനായുദിച്ച...

**ഗാനക്വിസ് 263-ന്റെ ഉത്തരം**

**കുരിശും നിജ തോളിലെടുത്തു...**

**രചയിതാവ്: ....... ടി.കെ.ശാമുവേൽ**

**വിജയികൾ**

1. Varghese George-Jabalpur
2. Dixon Abraham-Vyttila
3. Blessy Benoy Mon-Angamaly
4. Thankamma Varghese-Aranmula
5. N.S.Samuel Mylapra

**2022-ലെ എല്ലാ ക്വിസുകളിലും വിജയം നേടിയവർ.**

*Thank You & Congratulations*

1. VARGHESE GEORGE - JABALPUR
2. DIXON ABRAHAM - VYTTILA
3. BLESSY BENOY MON - ANGAMALY
4. THANKAMMA VARGHESE - ARANMULA

*Send your Answer:*

What's App No - 9825169406 OR E-mail: payyanursimon@gmail.com

# സത്യവേദപുസ്തകം: വ്യക്തികളെയും സമൂഹങ്ങളെയും രൂപാന്തരപ്പെടുത്തുന്ന പുസ്തകം (4)


K.V.GEORGE - PATHANAPURAM

## 2. സാഹിത്യവും ഭാഷയും

വേദപുസ്തകം അതിൽത്തന്നെ ലോകത്തിലെ ഏററവുംവലിയ സാഹിത്യ കൃതിയത്രെ. പദ്യവും ഗദ്യവും ചരിത്രവും ജീവചരിത്രവും ചെറുകഥയും സദൃശ്യവാക്യങ്ങളും പ്രഭാഷണങ്ങളും നിയമസംഹിതയും തത്വജ്ഞ്ഞാനവും വിജ്ഞ്ഞാനവും എല്ലാം അതിലുണ്ട്. അതിമഹത്തായി അതു നിലകൊള്ളുകയും ചെയ്യുന്നു.

രചിക്കപ്പെട്ടിട്ടുള്ളതിൽ വെച്ചേററവും ശ്രേഷ്ഠകാവ്യമായി ഇയ്യോബിന്റെ പുസ്തകം പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രൗഢി,മനോഹാരിത, കരുണരസം,പുതുമ എന്നിവയിൽ ദാവീദിന്റെ സങ്കീർത്തനങ്ങൾ നമ്മുടെ ഭാഷയിലുള്ള മററെല്ലാ കീർത്തനങ്ങളെക്കാളും മികച്ചതാണ് എന്നത്രെ സുപ്രസിദ്ധ ഗ്രന്ഥ കർത്താവും അമേരിക്കയുടെ ദ്വിതീയ പ്രസിഡന്റുമായ ജോൺ ആഡംസ് പ്രസ്താവിച്ചിരിക്കുന്നത്. തോമസ് ജാഫേഴ്സൺ, യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലെ ഭാഗ്യ വർണ്ണന(മത്താ 5:1-6) ലോകസാഹിത്യത്തിലെ സമ്പന്ന ഭാഗമായി തിരഞ്ഞെടുത്തു. ഡാനിയേൽ വെബ്സ്റ്ററാകട്ടെ,തന്റെ ശക്തമായ വാഗ്മിത്വവും പാണ്ഠിത്യവും ദൈവവചന സമ്പർക്കം മൂലം ലഭിച്ചതാണെന്നു പ്രഖ്യാപിക്കയും ഗിരിപ്രഭാഷണം(മത്താ 5,6,7) ഏററവും വലിയ നീതി ശാസ്ത്രമായി കരുതുകയും ചെയ്തു. ചിക്കാഗോ യൂണിവേഴ്സിററിയിലെ ഇംഗ്ളീഷ് പ്രൊഫസറായ റിച്ചാർഡ്. ജി.മൗൾട്ടൺ ആവർത്തന പുസ്തകത്തിലെ പ്രഭാഷണങ്ങൾ സീസറോയുടെ വാഗ്മിത്തത്തോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. ഇതുവരെ എഴുതപ്പെട്ടിട്ടുള്ളതിൽ വച്ചേററം മേത്തരമായ ചെറുകഥയായി മുടിയൻ പുത്രന്റെ കഥ രേഖപ്പെടുത്തുന്നു.

ക്രിസ്തബ്ദത്തിലെ എണ്ണപ്പെട്ട എല്ലാ ഗ്രന്ഥകർത്താക്കളുടെയും കൃതികൾ, വേദപുസ്തകയാഥാർത്ഥ്യങ്ങൾ,സൂചനകൾ,ഉദ്ധരണികൾ,പദാവലി എന്നിവയാൽ രൂപപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ബ്രൗണിംഗ്,ഡിക്കൻസ്,ബനിയൻ,എമേഴ്സൺ,ഷേക്സ്പിയർ... ആദിയായവർ ചില ഉദാഹരണങ്ങൾ മാത്രം. ലോകസാഹിത്യത്തിൽ വേദപുസ്തകം നുഴഞ്ഞു കയറി വ്യാപരിച്ചിരിക്കുന്നുവെന്നതിനു യാതൊരു സംശയവുമില്ല. മക്കാഫി പ്രസ്താവിച്ചിരിക്കുന്നതു പോലെ മതം എന്ന നിലയിൽ മനുഷ്യനു ബൈബിളിൽ നിന്നു അകന്നു നില്ക്കുവാൻ കഴിയും. എന്നാൽ സാഹിത്യമെന്ന നിലയിൽ അതിൽ നിന്നു മാറി നില്ക്കാൻ അവനു കഴിയുകയില്ല. ഇംഗ്ളീഷ് സാഹിത്യ ലോകത്തിൽ അതുല്യ സ്ഥാനമാണ് ബൈബിളിനു ലഭിച്ചിട്ടുള്ളത് എന്ന് ബട്ടർവർത്ത് പറഞ്ഞിരിക്കുന്നത് എത്രയോ ശരിയാണ്.




ജാതികളുടെ അക്ഷരമാല ബൈബിളാണെന്നു എമേഴ്ൺ പ്രസ്താവിച്ചിട്ടുണ്ട്. ഇംഗ്ളീഷ് ഭാഷ പ്രധാനമായിരൂപവൽക്കരിക്കപ്പെട്ടത് വേദപുസ്തകം മൂലമാണ്. 14-ാം ശതകത്തിൽ വിക്ളിഫ് ബൈബിളിന്റെ ആദ്യ ഇംഗ്ളീഷ് തർജ്ജ്ജമ നടത്തുമ്പോൾ, ശരിയായ ഇഗ്ളീഷ് ഭാഷ ഉണ്ടായിരുന്നില്ല. ബ്രിട്ടനിലെ ജനങ്ങൾ 200-ാളം ഗ്രാമ്യഭാഷ അക്കാലത്തു സംസാരിച്ചിരുന്നു. വിക്ളിഫാകട്ടെ ഈ ഗ്രാമഭാഷകളിലെ പ്രധാന വാക്കുകൾ തിരഞ്ഞെടുത്ത് അവയെ തന്റെ തർജ്ജ്ജമയിൽ കൂട്ടിയിണക്കുകയും ആ ബൈബിളിലെ വാക്കുകൾ ബ്രിട്ടനിലെ ദേശീയ ഭാഷയായി രൂപം പ്രാപിക്കയും ചെയ്തു. രാജ്യത്തെ ഭാഷയുടെ മാനദണ്ഠം ബൈബിളായിരുന്നു.

എബ്രായയിൽ നിന്നും ഗ്രീക്കിൽ നിന്നും സാധാരണക്കാരന്റെ ഭാഷയിലേക്കു ലൂഥർ വിവർത്തനം ചെയ്ത ജർമ്മൻ ബൈബിളാണ് ആധുനിക ജർമ്മൻ ഭാഷയിലെ എണ്ണപ്പെട്ട ഗ്രന്ഥം. മാത്രമല്ല, ആ ബൈബിൾ ജർമ്മൻ ഭാഷയിലെ മൂലഗ്രന്ഥവും മാനദണ്ഠവുമായിത്തീരുകയും ചെയ്തു. ലോകത്തിലെ പല ലിഖിതഭാഷകളും രൂപപ്പെട്ടത് വേദപുസ്തകം തർജ്ജ്ജമ ചെയ്തു ജനസമൂഹത്തിനു നൽകുന്നതിനുവേണ്ടിയായിരുന്നു.

പല രാജ്യങ്ങളിലും അക്ഷരാഭ്യാസവും സംസ്ക്കാരത്തിന്റെ അടിസ്ഥാന ശിലാസ്ഥാപനവും സാദ്ധ്യമായത് ദേശീയ ഭാഷയിൽ വേദപുസ്തകം വിവർത്തനം ചെയ്തതു മൂലമാണ്. സ്വന്തം ഭാഷയിൽ ബൈബിൾ വായിക്കാനുള്ള ആവേശം ലക്ഷോപലക്ഷം നിരക്ഷരരെ എഴുത്തും വായനയും ശീലിക്കുവാൻ പ്രേരിപ്പിച്ചു.

# യേശുക്രിസ്തുവിന്റെ നിസ്തുല്യത (2)

SAMSON HENRY - KOLLAM

ക്രിസ്തുവിന്റെ നിസ്തുല്യതയ്ക്ക് തെളിവായിരിക്കുന്ന ജനനം, ജീവിതം, മരണം എന്നീ വിഷയങ്ങളെ സംബന്ധിച്ചാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. തുടർന്നു ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, പുനരാഗമനം എന്നീ വിഷയങ്ങളോടുള്ള ബന്ധത്തിൽ വായിക്കുക.

**4. ഉയിർത്തെഴുന്നേൽപ്പ്.**

പ്രശസ്തരായ അനേക മഹാൻമാർ ലോകത്തിൽ ജീവിച്ചിട്ടുണ്ട്. അവരിൽ തന്നെ ദൈവം എന്ന് അവകാശപ്പെട്ടവരും ഉണ്ടായിരുന്നു. ജീവകാലത്തു അത്ഭുതങ്ങളാൽ പലരെ അവർ ആകർഷിച്ചു. എന്നാൽ അവരുടെ പേരും മഹത്വവും ഒക്കെ ശവക്കുഴിവരെ മാത്രമെ ഉണ്ടായിരുന്നുള്ളു. അവരെ അടക്കം ചെയ്തിരിക്കുന്ന കല്ലറയ്ക്കു മുകളിൽ എഴുതിയിരിക്കുന്നത് -- ഇവിടെ അന്ത്യ വിശ്രമം കൊള്ളുന്നു. (RIP- Rest in Peace) എന്നാണ്. എന്നാൽ ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും(യോഹ 11:25) എന്നു പ്രസ്താവിച്ച യേശുക്രിസ്തുവിന്റെ കല്ലറ വിളിച്ചറിയിക്കുന്നത്- അവൻ ഇവിടെ ഇല്ല ഉയിർത്തെഴുന്നേററിരിക്കുന്നു(ലൂക്കൊ 24:6) എന്നാണ്. യേശുക്രിസ്തു ജീവിച്ചിരുന്നപ്പോൾ ചിലരെ ഉയിർപ്പിച്ചു. തന്റെ മരണത്തിലും ചിലർ ഉയിർത്തെഴുന്നേററു. സകല മഹാൻമാരുടെയും കല്ലറകൾ അടഞ്ഞു കിടക്കുമ്പോൾ യേശുക്രിസ്തുവിന്റെ കല്ലറ മാത്രം തുറന്നു കിടക്കുന്നു. റോമൻ ഭരണാധികാരികളുടെ മുദ്ര പൊട്ടിച്ചുകൊണ്ട് താൻ പറഞ്ഞതുപോലെ മൂന്നാം നാളിൽ ഉയിർത്തെഴുന്നേററു.(മത്താ 28:6,മർക്കോ 16:6) ലൂക്കൊ 24:6,1 കൊരി 15:20) അനേകർക്കു പ്രത്യക്ഷനായി(മത്താ 28:5,യോഹ 20:16,17. മരണത്തിൻമേൽ ജയം കൊണ്ടാടി.


**5. സ്വർഗ്ഗാരോഹണം.**

ഉയിർത്തെഴുന്നേററ യേശുക്രിസ്തു ശിഷ്യൻമാർ നോക്കി നിൽക്കെ അവരെ അനുഗ്രഹിച്ചുകൊണ്ട് സ്വർഗ്ഗാരോഹണം ചെയ്തു. (അ.പ്ര. 1:11) ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു(യോഹ 14:3), മടങ്ങി വരും എന്നു പ്രസ്താവിച്ച യേശുവിന്റെ സ്വർഗ്ഗാരോഹണവും നിസ്തുല്യമായിരിക്കുന്നു. 1 തിമൊ 3:16. അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതൻമാർക്ക് പ്രത്യക്ഷനായി;ജാതികളുടെയിടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു.

**6. പുനരാഗമനം.**

തന്നിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ച തന്റെ മക്കളെ കൊണ്ടുപോകാനായി യേശുക്രിസ്തു വീണ്ടും വരുമെന്നുള്ളതും സത്യമാകുന്നു. 1 തെസ്സ 4:16. ഇതാ ഞാൻ വേഗം വരുന്നുവെന്നു വെളിപ്പാടു പുസ്തകത്തിലും ആവർത്തിച്ചു വെളിപ്പെടുത്തിയിരിക്കുന്നു.(വെളി 22:7,12,20).

യേശുക്രിസ്തുവിന്റെ നിസ്തുല്യത,തന്റെ ജനനത്തിൽ, ജീവിതത്തിൽ, മരണത്തിൽ, സ്വർഗ്ഗാരോഹണത്തിൽ, പുനരാഗമനത്തിൽ ദർശിക്കുന്നു. എല്ലാ മതങ്ങളിലും അവരുടെ ദേവൻമാരുടെയും സ്ഥാപകരുടെയും പ്രസക്തി മരണത്തോടുകൂടി അവസാനിക്കുമ്പോൾ ക്രിസ്തു മാർഗ്ഗത്തിൽ യേശുക്രിസതു മരണത്തെ ജയിച്ചു ജീവിക്കുന്നു എന്നതാണ് ഈ നിസ്തുല്യതയ്ക്ക് പ്രാധാന്യം. ഓരോരോ കാലങ്ങളിൽ ജീവിച്ചിരുന്ന മത നേതാക്കൻമാർ, രാഷ്ട്രീയ നേതാക്കൻമാർ, ശാസ്ത്ര ജ്ഞൻമാർഭരണതന്ത്രജ്ഞൻമാർ,രാജാക്കൻമാർ തുടങ്ങിയവരെല്ലാം മരണത്തിനധീതരായി. ആരാധകരുടെ മനസ്സിൽ അവരെക്കുറിച്ചുള്ള ചിന്തകൾ ഓർമ്മകളിൽ ഒതുങ്ങുമ്പോൾ ക്രിസ്തു വിശ്വാസിയെ സംബന്ധിച്ച് അവരുടെ പ്രത്യാശയുടെ അടിസ്ഥാനം ഉയിർത്തെഴുന്നേററവനും,ഇനി വീണ്ടും വരുന്നവനുമായ ക്രിസ്തുയേശു എന്ന രക്ഷകനിലാണ്.




യേശുക്രിസ്തുവിന്റെ മരണവും, അടക്കവും, ഉയിർത്തെഴുന്നേൽപ്പും തിരുവെഴുത്തുകൾ പ്രകാരമായിരുന്നുവെന്നു വെളിപ്പെടുത്തിയിട്ടുണ്ട്.(1 കൊരി 15:3,4).

വിശ്വാസികളുടെ ഹൃദയങ്ങളിൽ ഈ നല്ല രക്ഷകൻ വസിക്കുന്നു. യേശുക്രിസ്തു പാപികളായ മനുഷ്യ വർഗ്ഗത്തിനു രക്ഷ നൽകാനായി മരിച്ചു. മരണശേഷം ഉയിർത്തെഴുന്നേററു. ഇന്നു ദൈവത്തിന്റെ വലതുഭാഗത്തു ഇരുന്നു പക്ഷവാദം ചെയ്യുന്നു. (റോമർ 8:34).

### “നൻമയും ന്യായവും സത്യവും” പ്രവർത്തിക്കുന്ന

# യെഹസ്ക്കിയാവുമാരെ ബ്രദറൺ സമൂഹത്തിനാവശ്യം (28)

(2. ദിനവൃത്താന്തം 29,30,31,32)

**SIMON PAYYANUR**

ഹിസ്ക്കിയാ രാജാവിനു ദൈവം കൊടുത്ത അടയാളമാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്. തുടർന്ന് വായിക്കുക.

## യെഹസ്ക്കിയാവിന്റെ നിഗളം

മരണകരമായ രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ച ഹിസ്ക്കിയാവിന് സംഭവിച്ച സ്വഭാവ മാററമാണ 2 ദിന.32:25-ൽ പറഞ്ഞിരിക്കുന്നത്. തനിക്കു ലഭിച്ച ഉപകാരത്തിനൊത്തവണ്ണം നടന്നില്ല. നിഗളം അവനുണ്ടായി.

രോഗം മാറുകയും 15 സംവത്സരം നീട്ടി ലഭിക്കയും ചെയ്തപ്പോൾ സൗഖ്യം കൊടുത്ത ദൈവത്തിനു വിരുദ്ധമായി തന്റെ സ്വഭാവം മാററുന്നു. അതു ചിലപ്പോൾ 15 വഷം കൂടെ ജീവിച്ചിരിക്കാമെന്ന സന്തോഷത്തിൽ നിന്നും ഉരുത്തിരിഞ്ഞതും; വാക്കു പറഞ്ഞ ദൈവം വാക്കു മാറത്തില്ല എന്നുമുള്ള അറിവിന്റെ അടിസ്ഥാനത്തിലുമായിരിക്കാം.

ദൈവം ഹിസ്ക്കിയാവിനു ആയുസ്സ് നീട്ടി കൊടുത്തത് ദൈവനാമമഹത്വത്തിനും, ജനങ്ങൾക്കും വേണ്ടിയാണ്. അതു തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ നിഗളമെന്ന പാപത്തിനടിമയാകുകയില്ലായിരുന്നു ഹിസ്ക്കിയാവ്. വിശ്വാസികളുടെ ജീവിതത്തിൽ സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ഹിസ്ക്കിയാവിന്റെ സ്വഭാവത്തിലൂടെ നാം ദർശിക്കുന്നത്. ദൈവം നമുക്ക് ആരോഗ്യവും ആയുസ്സും തരുന്നത് തന്നവന്റെ നാമമഹത്വത്തിനായും, നമ്മിൽകൂടെ മററുള്ളവർക്ക് പ്രയോജനമുണ്ടാകുവാനുമാണ്. അതു നമ്മിൽ നിന്നുണ്ടാകുന്നില്ലെങ്കിൽ ദൈവകോപത്തിനു പാത്രീഭൂതിതരാകുമെന്നതിനു സംശയമില്ല. ഒരു വ്യക്തിയുടെയും മഹിമയിലല്ല നാം നിലനില്ക്കുന്നതെന്നും അതു ദൈവത്തിന്റെ അനുഗ്രഹമാണെന്നും നമുക്കു തിരിച്ചറിയാം.

ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥയ്ക്ക് അപ്പുറം ആകണമെന്ന ചിന്തയിലൂടെ ഉരുത്തിരിയുന്ന പ്രവൃത്തിയെയാണ് നിഗളമെന്നു പറയുന്നത്. നിഗളത്തിന്റെ പ്രഥമ ഉദാഹരണം ഉല്പത്തി പുസ്തകം 3-ാം അദ്ധ്യായത്തിലെ പ്രഥമ സ്ത്രീയിൽകാണാം. മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷഫലം തിന്നരുത്. ഇതാണ് ദൈവ കല്പന. പക്ഷേ പാമ്പിന്റെ അഥവാ സാത്താന്റെ പ്രേരണയാൽ ദൈവകല്പന ലംഘിച്ച് മരണത്തെ അതിജീവിക്കാമെന്ന ഗർവാണ് സ്ത്രീയുടെ പതനത്തിനു കാരണമായത്. അതായത് ദൈവീക വാക്കുകളെക്കാൾ സാത്താന്റെ വാക്കുകളിൽ ഇഷ്ടപ്പെടുന്നവർ പാപം ചെയ്യുകയാണ്. യാക്കോബ് പറയുന്നത് ദൈവം നിഗളികളോട് എതിത്തു നിൽക്കുന്നുവെന്നാണ്. ലൂസിഫറാണ് മറെറാരു ഉദാഹരണം. വിശദീകരിക്കുന്നില്ല.

## നിഗളത്തിൻമേലുള്ള ദൈവകോപം.

ഹിസ്ക്കിയാവ് നിഗളിച്ചപ്പോൾ ഉണ്ടായ ശിക്ഷ ദൈവകോപം ആണ്. അവന്റെമേലും യെഹൂദയുടെയും യെരുശലേമിൻമേലും ഉണ്ടാകുന്നു. ദൈവത്താൽ ശുശ്രൂഷയ്ക്ക് നിയുക്തരാക്കപ്പെട്ടവർ ചെയ്യുന്ന പാപം മൂലം ദൈവിക ശിക്ഷ വ്യക്തിപരമായും സമൂഹമായും ഉണ്ടാകുമെന്നു ഇവിടെ നാം മനസ്സിലാക്കുക.

## ദൈവകോപത്തിൽ നിന്നുള്ള വിടുതലിൻ കാരണം.

ദൈവ കോപം വരുന്നതിനു മുമ്പെ ഹിസ്ക്കിയാവും യെരുശലേം നിവാസികളും തെററ് തിരുത്തുവാൻ തയ്യാറായി. ഹിസ്ക്കിയാവിന്റെ കാലത്തു ദൈവകോപം ഉണ്ടായില്ല.അതായത് അവർ തങ്ങളത്തന്നെതാഴ്ത്തി. ശരിയായ ഒരു ഏററു പറച്ചിലായി ഇതിനെ നമുക്കു കാണാം. പാപങ്ങളെ ഏററു പറയുന്നവനു ശിക്ഷയിൽ നിന്നും വിടുതൽ ലഭിക്കുന്നു. പഴയപുതിയനിയമം ഇതാണ് നമ്മെ പഠിപ്പിക്കുന്നത്.



ഏററവും വലിയ ദൈവകോപം വരുവാനിരിക്കുന്നതേയുള്ളു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കാത്തവർക്കുള്ള നിത്യനരകമാണ് വരുവാനിരിക്കുന്ന ഏററവും വലിയ ശിക്ഷയായ ദൈവകോപം. അതിൽ നിന്നും വിടുതൽ ലഭിച്ച ദൈവജനത്തിനായി സ്തോത്രം. എന്നാൽ അനുദിന ക്രിസ്തീയ ജീവിതത്തിൽ ദൈവത്തിനും ദൈവവചനത്തിനും വിരുദ്ധമായി വരുന്ന സ്വഭാവങ്ങളെ ഏററുപറഞ്ഞ് ജീവിതവിശുദ്ധിവരുത്തി ജീവിതകാലം കഴിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ശുശ്രൂഷാ രംഗത്തുള്ളവരുടെ പാപത്തിനു പങ്കാളികളാകുന്നവർക്കും ദൈവകോപത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ സാദ്ധ്യമല്ലെന്നു ഇതിലൂടെദൈവാത്മാവ് വെളിപ്പെടുത്തുന്നു. ഹിസ്ക്കിയാവ് നിഗളിച്ചു. പക്ഷേ യെഹൂദ യെരുശലേം നിവാസികളെയും ഉൾപ്പെടുത്തിയാണ് ആ പാപത്തിന്റെ ശിക്ഷ പറഞ്ഞിരിക്കുന്നത്.

സഭാ ജീവിതത്തിലും ഇതു നാം തിരിച്ചറിയുക. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സുവിശേഷകൻമാർ, മൂപ്പൻമാർ, ഉപദേഷ്ടാക്കൻമാർ തുടങ്ങി യവർ ചെയ്യുന്ന തിരുവചന വിരുദ്ധ പ്രവണതക ളുടെ തിക്തഫലം സാധാരണ വിശ്വസികളും അനുഭവിക്കുമെന്ന് തിരിച്ചറിയണം. അതിനാൽ ആരുടെയും പാപത്തിനും കൂട്ടാളികളാകാതിരിക്കാം.

ഹിസ്ക്കിയാവിനു തെററു പററിയെങ്കിലും തിരുത്തുവാൻ താൻ തയ്യാററായി. ഇങ്ങനെയുള്ള ഹിസ്ക്കിയാവുമാരാണ് ബ്രദറൺ സമൂഹത്തിനാവശ്യമായിരിക്കുന്നത്. (തുടരും)

# Is the Office of the Elder Higher than that of Evangelists?

Recently some one asked me weather the office of the elder is higher than that of the Evangelists?

Ephesian. 4:ff tell us about five gifted men the risen Lord gave to his Church, they are respectively,Apostles, Prophets, Evangelists, Pastors and Teachers.Out of these five, only two exist now. Apostles and prophets were the foundation workers,They laid the doctrinal and practical foundation of the Church. Eph. 2:20.

According to the protocal,next come not the Elders,but the Evangelists. After that comes pastors and Teachers who are in effect the Elders of the Church.Early Churches were established by Evangelists/ Missionaries. The office of eldership was brought in later on the Church was established.

**E.S.THOMAS-EDAYARANMULA**


In most Churches, the elders with gifts to serve were indicated to the Church by the Evangelists and they in turn lead the Church together with the Evangelists.Compare to the work of Elders, Evangelists have double the duties. They are Evangelists and Teachers at the same time.More over, the office of an Elder is strictly confined to a local Church,where as the ministry of an Evangelist is Universal. Elders do not have that privilege.

An elder of a particular local Church is confined to that Church and he has no power over another local Church.But an Evangelists is minister to all Churches by his office provided he has no administrative authority to another church than to his home Church.Elder is however not superior to other Officers. He is one among those five.He has no special or extra ordinary power in the Congregation.An elder is a responsible minister. He is accountable to both God and the Church for his Office.He should be a model in every aspects of his life and ministry.

The Bible makes no mention about part time elders. Elder in the Bible is a full time commitment. He has to look after the flock of God. He is not a higher official to the congregation, rather a servant for Christ's sake.An elder should be accountable to the Church for all the decisions he takes on behalf of Church.If an Evangelist is there with sharing the gift of pasturing, the elder should lead the Church together with the Evangelist.

But the Churches in central Kerala has no such consideration. The churches in central Kerala, Evangelists are sidelined and Elders are on sovereign control of the congregation. This is not the New Testament pattern. How ever,elders must understand, their office is in line with the others mentioned in Ephesians 4:8ff and they are not superior over others.

**Tail pice :** Evangelists are not sub servants of Elders, neither Elders are superior to Evangelists in their service. All gifts are given with equal power and rights un to edification,till they attained perfect maturity of Christ who is the head of the Church

## കണ്ടതും  ...  കേട്ടതും

- കേരളത്തിലെ ചില പ്രധാന കൺവെൻഷനുകൾ എന്നു പറയപ്പെടുന്ന സ്ഥലങ്ങളിലെ വിശ്വാസികളുടെ പങ്കാളിത്വം തീരെ കുറഞ്ഞുവരുന്നു.

  പ്രസംഗകരുടെ പേരുകൾ കാണുമ്പോൾ തന്നെ വിശ്വാസ സമൂഹം ഓടിയൊളിക്കും.

- റിട്ടയാർഡ്കാരുടെ സംഗടനയായ ബി.ജി.എം. കല്ലിശ്ശേരി ഡോഹയിൽ അപ്പീലുമായി പണപ്പിരിവ് തുടങ്ങി.

  കുമ്പനാട്ടെ സകലതും കല്ലിശ്ശേരിയിൽ കൊണ്ടുവരുവാനുള്ള മുന്നോടിയുടെ ആരംഭം എന്നു പറയാം. മിക്കവാറും കെ.ഇ.എം.ട്രസ്റ്റ് പൂട്ടാനാണ് സാദ്ധ്യത. കാരണം സകല സംസ്ഥാനങ്ങളിലെയും സുവശേഷ കൻമാരുടെ അന്നദാതാവാകാണ് റിട്ടയാർഡ് കോക്കസുകളുടെ ശ്രമം.

  ഗുജറാത്തിനുവേണ്ടി സൂമിൽ കൂടെ ചില ട്രസ്റ്റുകളുടെയും, ചില പാരവെപ്പ് സുവിശേഷകൻമാരുടെയും സ്പെഷൽ പ്രാർത്ഥന പൊടിപൂരമായി ഇടയ്ക്കിടെ നടക്കുന്നു.

- സ്പെഷൽ ചായ, ക്ളാസ്സ്. ട്രെയിൻ എന്നൊക്കെ കേട്ടിട്ടുണ്ട്. പക്ഷേ എന്താണാവോ സ്പഷ്യൽ പ്രാർത്ഥന. ഇവരെ സൂമെന്ന തിമിംഗലത്തിന്റെ വയററിലിരുന്ന് അയ്യം വിളിക്കുന്ന യോനാമാർ . (SP)

# വിമർശന വീഥി

## കല്ലിശ്ശേരി ബ്രദറൺ കൺവെൻഷൻ മിഷൻ ചലഞ്ചുകൾ

**“ഗുജറാത്ത് വിളിക്കുന്നു. ഹോ...**
**പെട്ടിയും കിടക്കയും എടുത്ത് പുറപ്പെടരുതേ ... എട്ടിന്റെ പണി ഉറപ്പ്.”**

**ഗുജറാത്തിൽ ഉള്ളവർ ഐക്യതയോടെ പ്രവർത്തിച്ചാൽ ഗുജറാത്തിൽ ആത്മീയ ചലനം നിശ്ചയമാണ്.കഴിഞ്ഞ ദീർഘ വർഷങ്ങളിലെ ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീമിന്റെ പ്രവർത്തനം അതാണ് ഞങ്ങളെ പഠിപ്പിച്ചത്.വെല്ലുവിളിക്കാർ വെല്ലുവിളി ഏറെറടുക്കുക. ചങ്കൂററമുണ്ടോ? ഉണ്ടെങ്കിൽ വരിക.**

കല്ലിശ്ശേരി ബ്രദറൺ കൺവെൻഷൻ മിഷൻ ചലഞ്ചിൽ ആത്മ ഭാരദാഹികളായ ഉപദേശിമാർ ഗുജറാത്തിനെക്കുറിച്ച് അവതരിപ്പിച്ച റിപ്പോർട്ടുകൾ കേട്ടപ്പോൾ ഈയുള്ളവൻ കോരിത്തരിച്ചുപോയി. ഗുജറാത്ത് വിളിക്കുന്നു. ഹോ... എത്ര നല്ല വാക്കുകൾ.ഏതായാലും അതുകേട്ട് ആരും പെട്ടിയും കിടക്കയും എടുത്ത് പുറപ്പെടരുത്. പുറപ്പെട്ടാൽ എട്ടിന്റെ പണി ഉറപ്പ്. പല സുവിശേഷകൻമാരും ഇവിടുത്തെ ചില അഭിനവ സീനിയേഴ്സുമാരായ ഹെന്നേസുമാരുടെയും അബ്രോസുമാരുടെയും നാണംകെട്ട “*പൊളിട്രിക്സിൽ*” മനം മടുത്തു കഴിയുന്നവരാണ്. പ്രവർത്തിക്കുകയുമില്ല,പ്രവർത്തിക്കാൻ സമ്മതിക്കത്തുമില്ല.

ആദ്യകാല സുവിശേഷകൻമാർ എന്നു പറയുന്നവരിൽ എത്രപേർ ഗുജറാത്തിലെ 33 ജില്ലകളിൽ ഒരു പ്രാവശ്യം എങ്കിലും സുവിശേഷത്തിന്റെ സാക്ഷ്യം വഹിച്ചിട്ടുണ്ട് ? ടാബിൽ കൂടെ പറയുന്ന റിപ്പോർട്ടുകൾപോലും അപൂർണ്ണമാകുന്നത് ഇത്തരക്കാരുടെ ആത്മ ദാഹത്തിന്റെ പ്രഹസനവും ഗുജറാത്തിന്റെ ഹൃദയമിടിപ്പ് അറിയാത്തതിന്റെ മകുടോദാഹരണവുമാണെന്ന് വ്യക്തം.

രണ്ടു ഉദാഹരണങ്ങൾ പറയാം. ചില ആഴ്ചകൾക്കു മുമ്പ് കേരളത്തിലെ ഒരു ട്രസ്റ്റ് നടത്തിയ സൂം മീററിംഗിൽ ഗുജറാത്തിലെ ഒരു സുവിശേഷകൻ പറഞ്ഞത് 35 നോൺ കമന്റഡ് പ്രവർത്തകരുണ്ടെന്നാണ്. കല്ലിശ്ശേരിയിൽ അതു 15 ആയി. രണ്ടാമത്തത് ഒരുസുവിശേഷകൻ ചിലമാസങ്ങൾക്കു മുമ്പ് 19 സുവിശേഷകൻമാർ കൂടെയുണ്ടെന്നു ഖത്തറിലെ ചില മൂപ്പൻമാരോടു പറയുകയുണ്ടായി. കല്ലിശ്ശേരിയിൽ പകുതി സംഖ്യപോലും പറഞ്ഞുമില്ല. അതായത് പരസ്പര വിരുദ്ധമായ കാര്യങ്ങൾ അവസരത്തിനൊത്ത് പറയുവാൻ യാതൊരു സങ്കോചവും ഇല്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

കല്ലിശ്ശേരിയിൽ വെല്ലുവിളി നടത്തിയ വ്യക്തി ആദ്യം തന്റെ തൊട്ടടുത്ത ജില്ലയായ ഡാംഗിലെ പ്രവർത്തനങ്ങൾ അറിയണം. അവിടെ ഒരു സഭയല്ല മൂന്നു സഭകളുണ്ട്. അതുപോലും അറിയാത്തവർ മററു ജില്ലകളിലെ പ്രവർത്തനങ്ങളെ ടാബിൽ കൂടെ ചിരണ്ടുകയല്ലാതെ മറെറന്തു ചെയ്യാൻ. കേട്ടിരിക്കുന്നവരും നിയന്ത്രിക്കുന്ന പ്രഗത്ഭനും മൃഗശാലയുടെ മുമ്പിലിരിക്കുന്ന ജീവനില്ലാത്ത ജീവികൾക്കു തുല്യം.

നിഷ്പക്ഷമായ റിപ്പോർട്ടുകൾ അവതരിപ്പിക്കാൻ കഴിവില്ലെങ്കിൽ അതു ചെയ്യാതിരിക്കുകയാണ് യുക്തം. പല പ്രവർത്തനങ്ങളെയും, സുവിശേഷകൻമാരെയും തമസ്ക്കരിച്ച അവതാരകൻ ചിലരുടെ പെട്ടിതൂക്കിയാണെന്നത് ഗുജറാത്തിനെ അറിയാവുന്നവർക്ക് മനസ്സിലാകും. ഗുജറാത്തിനെക്കുറിച്ച് പറയുമ്പോൾ മഹാരാഷ്ട്രയിലെ പ്രവർത്തനത്തെക്കുറിച്ചും ഉപദേശിമാരെക്കുറിച്ചും പറയുന്നത് ഗുജറാത്തിൽ ഇവർക്ക് പ്രവർത്തനം ഇല്ലായെന്നതുകൊണ്ടാണെന്ന് ബുദ്ധിയുള്ളവർക്ക് അറിയാം. പിന്നെ സ്റേറജിലിരിക്കുന്നവർക്കും മററുള്ളവർക്കും അതില്ലാത്തതിനാൽ അവരെ കുററം പറയുവാനും ആകില്ല. പിന്നെ കല്ലിശ്ശേരിപോലുള്ള സ്ഥലമായതിനാലും, ഗുജറാത്തിലെ മറെറാരു സുവിശേഷകൻ പറഞ്ഞതുപോലെ കൂടി വന്നവർ എല്ലാം കുറെ റിട്ടയാർഡ് ടീമുകളായതിനാലും ഇത്തര റിപ്പോർട്ടുകൾ ധാരാളം.റിപ്പാർട്ട് അവതരിപ്പിച്ച മലയാളി സുവിശേഷകൻമാരെക്കാൾ പതിൻമടങ്ങ് ആത്മീയ പ്രവർത്തനം ഗുജറാത്തിലെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശികഭാഷക്കാരായ സഹോദരൻമാർ ചെയ്യുന്നുണ്ട്. ഇവരെ ആർക്കും അറിയില്ല. ഗുജറാത്തിൽ വൈററ്കോളർ വേല ചെയ്യാനാഗ്രഹിക്കുന്ന മലയാളികളായ സുവിശേഷകൻമാരെയല്ല പ്രാദേശികഭാഷക്കാരായ സുവിശേഷകൻമാരെയാണ് ആവശ്യം. അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കണം. നിലവിലെ സീനിയേഴ്സ് അതിനു തയ്യാറാകുകയുമില്ല. ഇതാണ് വാസ്തവം.

നിലവിലുള്ള മലയാളികളായ സുവിശേഷകൻമാർക്ക് പ്രാദേശികഭാഷക്കാരയ സഹോദരൻമാരുടെ സഹകരണത്തോടെ ഗുജറാത്തിൽ ചെയ്തു തീർക്കാവുന്ന ശുശ്രൂഷയേ ഉള്ളു.അതിനു മനസ്സില്ലാത്തവരാണ് വീണ്ടും വെല്ലുവിളി എന്ന പരസ്യം വഴി റിക്രൂട്ടുമെന്റ് നടത്തി അതാതു സംസ്ഥാനങ്ങളിലേക്കു കൊണ്ടുവരുന്നത്. നാളിതുവരെ ഈ ആത്മഭാരദാഹികൾ ഗുജറാത്തിലെ പല സുവിശേഷകൻമാരെയും നേരിൽ കണ്ടിട്ടില്ല. സീനിയേഴ്സ് എന്നു പറഞ്ഞു ഉപദേശിമാരുടെ സൂപ്പർവൈസർമാർ ആകുവാൻ ശ്രമിക്കുന്നവരാണിവരിൽ ചിലർ. ബ്രദറൺ സമൂഹത്തിനു ഇത്തരക്കാരെ മതി. ഇവർ പറയുന്നത് വേദവാക്യമായി എടുക്കുന്ന കുറേ നെറികെട്ട സ്വദേശ വിദേശികളാണ് ഇവരെ മടിയൻമാരായ പെരുവയറൻമാർ ആക്കുന്നത്.

ഒരു പ്രാവശ്യമെങ്കിലും ഗുജറാത്തിലെ 33 ജില്ലകളിലെ ചില ഗ്രാമങ്ങളിലെങ്കിലും സന്ദർശിച്ച് സാദ്ധ്യതകൾ മനസ്സിലാക്കുക. സ്റേറജിലും, സൂമിലും, ടാബിലും കൂടി മററുള്ളവരെ വെല്ലുവിളിക്കുന്നവരാണ് ആദ്യം ചലഞ്ച് ചെയ്യപ്പെടേണ്ടവർ. ആദ്യം നിങ്ങൾ പ്രവർത്തിച്ചു കാണിക്കുക. അതിനുശേഷം മററുള്ളവരെ ഗുജറാത്തിലേക്ക് വിളിക്കുക. പാരവെപ്പും കുതികാൽ വെട്ടും,നാറിയ *പൊളി-ട്രിക്സും* ഇനിയെങ്കിലും അവസാനിപ്പിക്കുക.

*ഗുജറാത്തിൽ ഉള്ളവർ ഐക്യതയോടെ പ്രവർത്തിച്ചാൽ ഗുജറാത്തിൽ ആത്മീയ ചലനം നിശ്ചയമാണ്.കഴിഞ്ഞ ദീർഘ വർഷങ്ങളിലെ ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീമിന്റെ പ്രവർത്തനം അതാണ് ഞങ്ങളെ പഠിപ്പിച്ചത്.വെല്ലുവിളിക്കാർ വെല്ലുവിളി ഏറെറടുക്കുക. ചങ്കൂററമുണ്ടോ. ഉണ്ടെങ്കിൽ വരിക.*

കല്ലിശ്ശേരി കൺവെൻഷനിൽ ഉപദേശിമാർ അതാതു സംസ്ഥാനങ്ങളെക്കുറിച്ച് പറയുന്നത് ആത്മഭാരംകൊണ്ടോ,മററുള്ളവരെ ആകർഷിക്കുവാനോ അല്ല എന്നത് അരിയാഹാരം കഴിക്കുന്നവർക്ക് മനസ്സിലാകും. ഇതിനകം എത്രയെത്ര ചലഞ്ചുകൾ വിവിധ ഭാവത്തിലും രൂപത്തിലും നടന്നു. ഒരു ചുക്കും സംഭവിച്ചില്ല. നേതൃത്വം കൊടുത്ത സംഘാടകർക്ക് പ്രയോജനമുണ്ടായി.കല്ലിശ്ശേരിയിലെ കമ്മററിക്കാരും ബി.ജി.എം എന്ന റിട്ടയാർഡ് സംഘടനയും വിളിക്കുമ്പോൾ പോകുന്ന ഉപദേശിമാരെ ഓർത്ത് സഹതപിക്കയല്ലാതെ എന്തു ചെയ്യാം. ബി.ജി.എം നെക്കുറിച്ച് പറഞ്ഞ വ്യക്തിയും, വചന ശുശ്രൂഷ നടത്തിയ വ്യക്തിയും ആദ്യം ഉത്തരേന്ത്യയിലേക്കു തിരിച്ചുപോകണം. ഇവരാരും ദൈവത്താൽ വിളിക്കപ്പെട്ട ദൈവദാസൻമാരുടെ കങ്കാണിമാരല്ല. ഇതു തിരിച്ചറിയുവാനുള്ള വിവേകം എങ്കിലും ഉപദേശിമാർക്ക് ഉണ്ടാകണം.

**(SP)**



# GUJARAT BRETHRN GOSPEL TEAM



ഗുജറാത്തിലെ പ്രാദേശിക ഭാഷക്കാരായ സുവിശേഷകൻമാരുടെ സഹകരണത്തോടെ 2015 മുതൽ ഗുജറാത്തിലെ വിവിധ ജില്ലകളിലെ ഉൾഗ്രാമങ്ങളിൽ നടന്നു വരുന്ന ഒരു ടീം പ്രവർത്തനം

## GUJARAT

Formation - 1 May 1960
Capital - Gandhinagar
Largest city - Ahmedabad
Districts - 33
Talukkas - 252
villages - 18676
**Governor -**
Acharya Devvrat
**Chief Minister** -
Bhupendra bhai Patel
Ruling Party - BJP
Legislature - 182 seats
Parliamentary constituency - 26
High Court - Gujarat High Court
Total Area - 196,024 km
Area rank - 6th
Population (2011) - Total 6.82 crore
Literacy - 78.03% (2011 )
Official language - Gujarati

**Reilgion**

Hindu - 88.6%
Muslim - 9.7%
Jain - 1.0%
Christian - 0.5%
Sikh - 0.1%
Buddhist - 0.05%
Others - 0.03%

*( Village Evangelism Minisry News)*

NARMADA,TAPI & DANG Districts.
(December 3rd week 2022)

നർമ്മദ,തപി,ഡാംഗ് ജില്ലകളിലെ വിവിധ ഗ്രാമങ്ങളിൽ 2022 ഡിസംബർ മൂന്നാംവാരത്തിൽ ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീം നടത്തിയ ശുശ്രൂഷകൾ അനുഗ്രഹമായി പര്യവസാനിച്ചു. പരസ്യ യോഗങ്ങൾ, രാത്രിയോഗങ്ങൾ തുടങ്ങിയവ അനുഗ്രഹകരമായിരുന്നു. വിവിധ ഗ്രാമങ്ങളിൽ വീണ്ടും വാതിലുകൾ തുറക്കപ്പെട്ടിട്ടുണ്ട്. പ്രാർത്ഥിച്ച ഏവർക്കും നന്ദി. **(സൈമൺ പയ്യന്നൂർ)**














# GUJARAT BRETHRN GOSPEL TEAM



## അനുധാവന പ്രവർത്തനം

**FOLLOW UP (JANUARY 3rd week 2023)**

2015- മുതൽ നടന്നു വരുന്ന ഗുജറാത്ത് ബ്രദറൺ ഗോസ്പൽ ടീമിന്റെ ഗ്രാമങ്ങളിലുള്ള പ്രവർത്തനം എട്ടു വർഷം പൂർത്തീകരിച്ചിരിക്കുന്നു.

ഗുജറാത്തിലെ 33 ജില്ലകളിലെ ചില ഗ്രാമങ്ങളിൽ ഒരു പ്രാവശ്യമെങ്കിലും ടീമിന് സുവിശേഷത്തിന്റെ സാക്ഷികളാകുവാൻ ഇടയായി എന്നത് സ്തോത്രത്തിനായി അറിയിക്കുന്നു. പ്രവർത്തനവേളയിൽ വിവിധ ജില്ലകളിലെ ഗ്രാമങ്ങളിൽ നിന്നും ലഭിച്ച അന്വേഷകരെ വീണ്ടും കാണുവാനും ആത്മീയമായി പ്രോത്സാഹിപ്പിക്കുവാനാുമായി ഈ മാസംമുതൽ ടീം അനുധാന പ്രവർത്തനം ആരംഭിക്കുകയാണ്. സാങ്കേതികമായ തടസ്സങ്ങൾ പലതുണ്ടെങ്കിലും കർത്താവിലാശ്രയിച്ചു ജനുവരി 2023-ൽ ഖേഡ ജില്ലയിൽ ആരംഭം കുറിക്കുകയാണ്.


ഖേഡ ജില്ലയിൽ 11 താലൂക്കുകളും 540 ഗ്രാമങ്ങളുമാണ് ഉള്ളത്. ഇതിൽ 40- ഗ്രാമങ്ങളാണ് അനുധാവന പ്രവർത്തനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. പ്രാഥമികമായി ജനുവരി മാസം മൂന്നാം വാരത്തിൽ 10- ഗ്രാമങ്ങളിൽ ആദ്യഘട്ട പ്രവർത്തനം നടക്കും. ഖേഡ ജില്ലയിൽ പ്രവർത്തിക്കുന്ന ബ്രദർ. ജയേഷ് മക്ക്വാന്റെ സഹകരണത്തോടെ ശുശ്രൂഷകൾ നടക്കും.

വിശ്വാസത്താൽ നടക്കുന്ന ടീമിന്റെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി ദൈവ ജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

(സൈമൺ പയ്യന്നൂർ)

*The eyes*
*of the LORD*
*are*
*everywhere,*
*keeping*
*watch*
*on the wicked*
*and the good.*

*Provers.15:3*



**HAPPY VOICE**

**PLEASE CONTACT;**

**SIMON PAYYANUR**
**PLOT.NO.147,SECTOR.7,**
**GANDHIDHAM.370201,**
**KUTCH,GUJARAT.**
**M- 9825169406.**
e-mail:
payyanursimon@gmail.com

Edited, Lay Out & Published by Simon Payyanur at Gandhidham.